## കേരള ഗവർണ്ണർ

# ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ

## 2020 ജനുവരി 29–ാം തീയതി

## കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2020.

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ നിയമ സഭാംഗങ്ങളെ:

1. പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിന് സമാരംഭം കുറിച്ചു കൊണ്ട് കേരളത്തിന്റെ ജനപ്രതിനിധികളുടെ ഈ മഹനീയ സഭയെ അഭിസംബോധന ചെയ്യുന്നത് ബഹുമതിയായും വിശേഷാധികാരമായും ഞാൻ കരുതുന്നു.

2. എന്റെ സർക്കാർ 1344 ദിവസം പൂർത്തിയാക്കി. ഭൗതിക വളർച്ചയോടും സമൂഹത്തിലെ അർഹരായ വിഭാഗങ്ങളെ പരിപാലിക്കുന്നതിനുള്ള പ്രതിബദ്ധതയോടും കേരള ജനതയുടെ മുമ്പാകെ ഉറപ്പുകൊടുത്ത വാഗ്ദാനം നിറവേറ്റിയ കാലഘട്ട മാണിത്. പാരിസ്ഥിതിക തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുകയും സമൂഹത്തിലെ ദുർബ്ബല വിഭാഗ ങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുകയും ചെയ്യുമ്പോൾ തന്നെ സംസ്ഥാനത്തേയ്ക്ക് നിക്ഷേപം

ആകർഷിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഒരു മുന്നേറ്റം നടത്താൻ എന്റെ സർക്കാർ തീരുമാനിച്ചു. സമ്പദ് വ്യവസ്ഥയ്ക്കും വിലയേറിയ ജീവനുകൾക്കും ഗണ്യമായ നഷ്ടം വരുത്തി ക്കൊണ്ടുള്ള മുൻപെങ്ങുമില്ലാത്ത പ്രകൃതിദുരന്തങ്ങൾ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റാനുള്ള നമ്മുടെ അഭിലാഷത്തിനും ദൃഢസമീപനത്തിനും ശക്തമായ തിരിച്ചടികളായിരുന്നു. ഇവിടെയും എന്റെ സർക്കാരും പൊതുസമൂഹവും ഒരുമിച്ച്, വേഗത്തിലും സമയോ ചിതമായ ഇടപെടലുകളിലൂടെയും ഈ വെല്ലുവിളിയെ അതിജീവിച്ചു, അത് അന്താരാഷ്ട്രതലത്തിൽ പ്രശംസ പിടിച്ചുപറ്റി. ഈ വെല്ലുവിളി എന്റെ സർക്കാർ കേരള പുനർ നിർമ്മാണ പദ്ധതിയിലൂടെ (RKI) പൂർണ്ണമായി നേരിടുന്നു, അത് "മെച്ചപ്പെട്ട രീതിയിൽ കെട്ടിപ്പടു ക്കുന്നതിനുള്ള" ചുമതല സ്വയം സജ്ജമാക്കി. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് "നമ്മൾ നമുക്കായി " എന്ന പ്രചാരണത്തിലൂടെ ഇതിനെ ഒരു ജനകീയ സംരംഭമാക്കി മാറ്റുന്ന പ്രക്രിയയിലാണ് നാം ഇപ്പോൾ.

3. സംസ്ഥാനം പുനർനിർമ്മിക്കുന്നതിനായി അന്താരാഷ്ട്ര പ്രശംസ നേടിയ വിദഗ്ധരുടെ അഭിപ്രായം എന്റെ സർക്കാർ തേടി. വാട്ടർ മാനേജ്മെന്റിൽ റൂം ഫോർ റിവർ പദ്ധതിയിലൂടെ ഡച്ചുവിദഗ്ധർ നമ്മെ സഹായിക്കുന്നു. “അതിതീവ്ര മഴയുടെ കാരണങ്ങളും നയപ്രതികരണങ്ങളും" പരിശോധിക്കുന്നതിന് നിയമിച്ച വിദഗ്ധ സമിതി അതിന്റെ റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കുകയും അതിന്റെ നിർദ്ദേശങ്ങൾ ഒരു ദുരന്ത പ്രതിരോധ ശേഷിയുള്ള കേരളം സൃഷ്ടിക്കുന്നതിനുള്ള നമ്മുടെ സംരംഭങ്ങളിൽ വിലയേറിയ മാർഗ്ഗനിർദ്ദേശം ആയിരിക്കുന്നതുമാണ്.

4. എന്റെ സർക്കാർ അതിന്റെ ആദ്യകാലങ്ങളിൽ തന്നെ, ഗണ്യമായ പ്രതിബദ്ധതയുള്ള പ്രഖ്യാപനങ്ങളോടെ അപര്യാപ്തമായ ബജറ്റ് വിഭവങ്ങളെ മാത്രം ആശ്രയിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന് സ്ഫോടനാത്മക സമീപനം നമുക്ക് സ്വീകരിക്കുവാൻ കഴിയുകയില്ല എന്ന് ജനങ്ങൾ മുമ്പാകെ പറഞ്ഞിരുന്നു. എന്റെ സർക്കാരിന് അതിന്റെ

മുൻഗാമിയിൽ നിന്നും തീർപ്പുകല്പിക്കാത്ത വലിയ പ്രതിബദ്ധതകൾ കൈമാറിക്കിട്ടി. 2013-14 മുതൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഒരു പുതിയ താഴ്ചയിലെത്തി. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിലൂടെ (KIIFB) ദേശീയ അന്തർദേശീയ ധനകാര്യ വിപണികൾ പകർന്നെടുക്കുന്നത് കൂടാതെ അടിസ്ഥാനപരവും സാമൂഹികവും ഭൗതികവുമായ നിർമ്മാണത്തിന് വരുമാനത്തിന്റെ ഒരു ഭാഗം നീക്കിവയ്ക്കാൻ എന്റെ സർക്കാർ ധീരവും സ്ഥിരവുമായ നടപടികൾ സ്വീകരിച്ചു. 50000 കോടി രൂപയുടെ റോഡുകൾ, ഇലക്ട്രിക് ലൈനുകൾ, ജലവിതരണ പദ്ധതികൾ, സ്കൂൾ, കോളേജ് കെട്ടിടങ്ങൾ, ആശുപത്രികൾ, ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് കിഫ്ബി അനുമതി നൽകി.

5. സുസ്ഥിര വികസന ലക്ഷ്യങ്ങൾ-2030 കൈവരിക്കുന്നതിൽ നീതി ആയോഗ് അതിന്റെ റാങ്കിംഗിൽ തുടർച്ചയായി രണ്ടാം വർഷവും കേരളത്തിന് ഒന്നാം സ്ഥാനം നൽകി, ഇത് കേരള ജനതയ്ക്ക് അഭിമാനകരമാണ്. എന്നിരുന്നാലും,

സമൂഹത്തിന്റെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലേയ്ക്ക് വികസനത്തിന്റെ ഫലങ്ങൾ എത്തിക്കുന്നതിലും സാമ്പത്തിക അസമത്വവും അതിന്റെ ദോഷകരമായ പ്രത്യാഘാതങ്ങൾ ലഘൂകരിക്കേണ്ടതും നമ്മൾ നേരിടുന്ന ഗണ്യമായ വെല്ലുവിളികളെയും എന്റെ സർക്കാർ കാണാതിരിക്കുന്നില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മിഷൻ മോഡിൽ എന്റെ സർക്കാർ പദ്ധതികൾ ഏറ്റെടുത്തു. ഭവനരഹിതരുടെ പ്രശ്നം മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുകയും ലൈവ്‌ലിഹുഡ് ഇൻക്ലൂഷൻ ഫിനാൻഷ്യൽ എംപവർമെന്റ് (LIFE) മിഷൻ 2 ലക്ഷം ഉപഭോക്താക്കൾക്ക് ഭവനങ്ങൾ കൈമാറുന്നത് ഫലപ്രദമായി നടന്നുവരുന്നു. ഭൂരഹിതർക്ക് ഫ്ലാറ്റുകൾ/ വീടുകൾ നൽകുന്നതിന്റെ അടുത്ത ഘട്ടം ആരംഭിക്കാൻ നാം തയ്യാറെടുക്കുന്നു.

6. കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിലും പൊതുജനാരോഗ്യ സംവിധാനങ്ങളിലും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ആർദ്രം മിഷനും ഇതിനകം ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

നദികളുടെ പുനരുജ്ജീവനം, നമ്മുടെ പരിസ്ഥിതിയെ ഹരിതവൽക്കരിക്കൽ, ശുചിത്വ പരിപാടികളുടെ പ്രോത്സാഹനം, സംയോജിത പച്ചക്കറി കൃഷി എന്നിവയിൽ ഹരിതകേരള മിഷൻ പ്രത്യേകം ശ്രദ്ധ നൽകിവരുന്നു.

7. ഓരോ 100 ആളുകൾക്കും ഒരു സന്നദ്ധ പ്രവർത്തകൻ അടങ്ങുന്ന ഒരു കമ്മ്യൂണിറ്റി വോളന്റിയർ കോർ 2020 മെയ് അവസാനത്തോടെ തയ്യാറാകും. 3,40,000 കമ്മ്യൂണിറ്റി വോളന്റിയർമാരുടെ സേവനം സംസ്ഥാനത്തിന് ലഭിക്കുന്നതിന് ഇത് ഇടയാക്കും, അവർ ഏത് അടിയന്തര സാഹചര്യത്തിലും പ്രകൃതി ദുരന്തങ്ങളിലും തത്സമയ ഇടപെടൽ നടത്തും. പരിശീലനത്തിനുള്ള സമയപരിധി നിശ്ചയിക്കുകയും സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തു. കോർപ്പറേറ്റ് പങ്കാളിത്തമുള്ള ഒരു യുവ നേതൃത്വ അക്കാദമിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

8. ഉറപ്പും ഗുണമേന്മയുമുള്ള രാത്രികാല അഭയകേന്ദ്രങ്ങളും എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്ന ശുചിമുറികൾ പെട്രോൾ പമ്പുകളിൽ നിർമ്മിക്കുന്നതു കൂടാതെ വഴിയോരങ്ങളിൽ ഓരോ 3000 ആളുകൾക്ക് ഒരു ജോഡി എന്ന അനുപാതത്തിൽ പൊതു ശുചിമുറികളും എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗിച്ചുകൊണ്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും തെരുവുവിളക്കുകൾ കത്തിച്ചു കൊണ്ടും സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷിത മായി സഞ്ചരിക്കുന്നതിലേയ്ക്കായുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിച്ചുവരുന്നു.

9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 961 കോടി രൂപ വിനിയോഗിച്ചുകൊണ്ട് ഗ്രാമീണ റോഡ് പുനർനിർമ്മിക്കുന്നതിനുള്ള 'ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീബിൽഡ് പ്രോജക്റ്റ്' എന്ന ഒരു പദ്ധതിക്ക് എന്റെ സർക്കാർ തുടക്കം കുറിച്ചു. എല്ലാ വികസന സംരംഭങ്ങളും മുന്നോട്ടുകൊണ്ടു പോകുന്നതിന് പങ്കാളിത്ത വികസന പ്രക്രിയയിൽ പുതിയ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് കേരളം

മുന്നേറിക്കൊണ്ടിരിക്കുന്നു. ഓരോ 1000-പേരിലും 5 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യകരമായ രീതിയിൽ മത്സരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കും. ഇത് മാറ്റത്തിന് കാരണമാകുകയും ഉദ്യോഗസ്ഥര് നിക്ഷേപങ്ങൾക്ക് ഉത്തേജകമാകുന്ന രീതിയിലേക്ക് മാറുന്നതുമാണ്. തദ്ദേശ സ്ഥാപനങ്ങൾ, കൃഷി, മൃഗസംരക്ഷണം, ഇടത്തരം വ്യവസായങ്ങൾ എന്നിവയിലെ പുതിയ സംരംഭങ്ങളെ മുന്നിൽ നിന്ന് നയിക്കുന്നവരായി മാറും.

10. നിക്ഷേപം ആകർഷിക്കുന്നതിനും സർക്കാർ അനുമതികൾ സുഗമമാക്കുന്നതിനും നടപടിക്രമങ്ങളുടെ അഴിയാക്കുരുക്ക് ഒഴിവാക്കുന്നതിനുമായി എന്റെ സർക്കാർ പ്രധാന നയ പരിഷ്കാരങ്ങൾ നടപ്പാക്കിയിട്ടുണ്ട്. നമ്മുടെ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' ശ്രമങ്ങളുടെ ഭാഗമായി വിവിധ അനുമതികൾക്കായി കാത്തിരിക്കാതെ തന്നെ എം.എസ്.എം.ഇ. മേഖലയ്ക്ക് ഇപ്പോൾ സുഗമമായ വേദി ലഭിയ്ക്കുന്നതിന് കഴിയും. വ്യവസായ

ങ്ങൾക്കുള്ള ഒരു പ്രത്യേക ആനുകൂല്യ പാക്കേജും പ്രഖ്യാപിച്ചു. ജില്ലാ കളക്ടർമാർ നടത്തുന്ന താലൂക്ക് അദാലത്തുകളിലൂടെ പൊതുജനങ്ങളുടെ പരാതികൾ പതിവായി കേൾക്കുന്നുണ്ട്.

11. കേരളത്തെ ഒരു നിക്ഷേപ ലക്ഷ്യസ്ഥാന മാക്കി മാറ്റുന്നതിനുള്ള നമ്മുടെ മുന്നേറ്റത്തെ നിയമനിർമ്മാണത്തോട് കൂടി അവസാനിപ്പിക്കാൻ അതിന് ഒരു സുപ്രധാന സ്ഥാനമുണ്ടെങ്കിലും എന്റെ സർക്കാർ ഉദ്ദേശിക്കുന്നില്ല. പൊതുജനങ്ങളോട് മുഖം തിരിക്കുന്നവര് എന്ന നിലയിൽ നിന്നും ഉദ്യോഗസ്ഥ രുടെ മനോഭാവത്തിൽ ഉയർന്ന നിലവാരത്തിലുള്ള സമ്പൂർണ്ണ മാറ്റം കൊണ്ടുവരുന്നതിനും കാര്യങ്ങൾ വേഗത്തിലും സുതാര്യമായും ചെയ്യാനുള്ള ഫെസിലി റ്റേറ്റർമാർ ആക്കുന്നതിനും എന്റെ സർക്കാർ നടപടികൾ സ്വീകരിക്കുന്നു. ഇത് കൈവരിക്കുന്ന തിനുള്ള സാങ്കേതികാധിഷ്ഠിത ഉപകരണമാണ് ഇ-ഗവേണൻസും അതിന്റെ വ്യാപനവും.

12. എന്റെ സർക്കാർ ഇവയെല്ലാം ആത്മാർത്ഥ മായി ചെയ്യുമ്പോൾ മുന്നോട്ടുള്ള പാതയിൽ നമ്മൾ

നേരിടുന്ന കാര്യമായ തടസ്സങ്ങളിലേയ്ക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

13. നമ്മുടെ ദേശീയ സമ്പദ് വ്യവസ്ഥ മുൻപെങ്ങുമില്ലാത്ത വിധം മാന്ദ്യത്തെ അഭിമുഖീകരിക്കുകയും, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് പുറത്തുവിട്ട ഏറ്റവും പുതിയ കണക്കനുസരിച്ച് നമ്മുടെ മൊത്തം മൂല്യവർദ്ധനവിന്റെ (GSVA) വളർച്ചാനിരക്ക് 2018-19 അഡ്വാൻസ് എസ്റ്റിമേറ്റിന് 4.9 ശതമാനത്തിന്റെ ഒരു പുതിയ താഴ്ന്ന നിലയിലെത്തിയിട്ടുമുണ്ട്. ഇത് നമ്മുടെ വരുമാന വർദ്ധനയെയും അതുപോലെ കേന്ദ്ര കൈമാറ്റങ്ങളെയും പ്രതികൂലമായി ബാധിക്കും. വരുമാനത്തെ ബാധിക്കുന്നതിനു പുറമെ തൊഴിലവസരങ്ങളും കുറയുകയാണ്, അനൗദ്യോഗിക റിപ്പോർട്ടുകൾ പ്രകാരം തൊഴിലില്ലായ്മയുടെ കണക്കുകൾ 45 വർഷത്തെ ഉയർന്ന നിരക്കിലായി. നിർഭാഗ്യവശാൽ, ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ ആരംഭിച്ച ക്വിൻക്വിനയൽ സർവ്വേയുടെ ഫലങ്ങൾ അതിന്റെ തുടക്കം മുതൽ ഇതുവരെ

പ്രസിദ്ധീകരിക്കാത്തതുവഴി ഇത് വിശകലനത്തിനുള്ള ഒരു പ്രധാന ഘടകമാക്കുവാൻ നയം രൂപീകരിക്കുന്ന വർക്കും ഗവേഷകർക്കും കഴിയുന്നില്ല.

14. നിരന്തരമായ സാമ്പത്തിക മാന്ദ്യത്തിന്റെ സമയത്ത് ധനപരമായ യാഥാസ്ഥിതികതയും കമ്മി അനുപാതങ്ങൾ യാന്ത്രികമായി പാലിക്കുന്നതും അപകടമാകുന്നുവെന്നത് എന്റെ സർക്കാരിന്റെ ഉറച്ച വിശ്വാസമാണ്, കാരണം ഈ സമീപനം സാമ്പത്തിക മാന്ദ്യത്തെ ദീർഘിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യും. എല്ലാ മേഖലകളിലും പ്രത്യേകിച്ച് ഉത്പാദന മേഖലയിലെ പ്രകടമായ മാന്ദ്യം, ഡിമാന്റ് കുറയ്ക്കുന്ന സാഹചര്യത്തിൽ സർക്കാർ സ്വകാര്യ ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ചെലവഴിക്കേണ്ടത് ആവശ്യമായി വരുന്നു. എന്നാൽ വിരുദ്ധമായ കാഴ്ചപ്പാടുകൾ കേന്ദ്ര സർക്കാരിന്റെ നയം രൂപീകരിക്കുന്നവരിൽ പിടി മുറുക്കുന്നത് ദേശീയ സമ്പദ്‌വ്യവസ്ഥയെ തടസ്സപ്പെടുത്തുകയും സംസ്ഥാന ങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രീയത്തെ സഹകരണ ഫെഡറലിസം

എന്ന് നാം ആവേശത്തോടെ വിളിക്കുന്നുണ്ടെങ്കിലും, വാസ്തവത്തിൽ, സംസ്ഥാനങ്ങളുടെ ചെലവുബാധ്യതകൾ വർദ്ധിക്കുമ്പോൾ അവരുടെ വരുമാനശേഷി കുറഞ്ഞുവരുന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ പോലുള്ള ഭരണഘടനാ സ്ഥാപനങ്ങളുടെ മുമ്പാകെ ഇത് ചൂണ്ടിക്കാണിക്കുന്നതിൽ എന്റെ സർക്കാർ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

15. ദേശീയ സാമ്പത്തിക മാന്ദ്യം സംസ്ഥാനങ്ങളെ, പ്രത്യേകിച്ച് നമ്മുടെ സ്വന്തം സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നതിനെ കുറിച്ച് എന്റെ സർക്കാരിന് വലിയ ആശങ്കയുള്ളതിനാൽ, സാമൂഹ്യ മേഖലയിലെ ചെലവുകളിൽ വിട്ടുവീഴ്ച ചെയ്യരുത് എന്ന സമീപനം സ്വീകരിച്ചു. ദേശീയ സമ്പദ് വ്യവസ്ഥയിലെ സാമ്പത്തിക മാന്ദ്യവും നികുതി ഇളവുകളും കാരണം കേന്ദ്ര സാമ്പത്തിക വിഹിതത്തിന് കുത്തനെ ഇടിവുണ്ടായി. ദുരിതങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന പൊതു വായ്പയും കുറച്ചിട്ടുണ്ട്. കഴിഞ്ഞ പാദത്തിൽ 10000 കോടി രൂപയുടെ പൊതു വായ്പയെടുക്കാൻ കേരളത്തിന് കഴിയുമെന്നാ

യിരുന്നു ബജറ്റ് പ്രതീക്ഷ. എന്നിരുന്നാലും അനുമതി നൽകിയത് 1900 കോടി രൂപയ്ക്ക് മാത്രമാണ്.

16. രാഷ്ട്രീയ രംഗത്ത് നമ്മൾ പരീക്ഷണ ഘട്ടത്തെ അഭിമുഖീകരിക്കുകയും, നമ്മുടെ ഭരണ ഘടനയിൽ അന്തർലീനമായതും നമ്മുടെ ദേശീയ പ്രസ്ഥാനം രൂപപ്പെടുത്തിയതുമായ മൂല്യങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്റെ സർക്കാർ പ്രഖ്യാപിക്കുന്നു. മതേതരവും ജനാധിപത്യപരവുമായ മൂല്യങ്ങൾ പാലിച്ചുകൊണ്ട് നാം നമ്മുടെ ദേശീയ ഐക്യം കെട്ടിപ്പടുത്തു. ഈ ശക്തമായ ചരടുകളിലൂടെ നമ്മുടെ സമൂഹം വൈവിധ്യങ്ങൾക്കിടയിൽ ഐക്യ ത്തോടെ നിൽക്കുന്നു. ഭാഷയുടെയും മതത്തിന്റെയും വൈവിധ്യം നമ്മുടെ ഐക്യത്തിന്റെ ശ്രേഷ്ഠത വർദ്ധിപ്പിക്കുകയും ഇക്കാരണങ്ങളാൽ ഭിന്നിപ്പി ക്കാനും വിവേചനം കാണിക്കാനും ഉള്ള ഏതൊരു ശ്രമവും പ്രതിരോധിക്കപ്പെടേണ്ടതുമാണ്.

17. നമ്മുടെ ഭരണഘടനാ മൂല്യങ്ങൾ അതിന്റെ രൂപത്തിലും ഉള്ളടക്കത്തിലും സംരക്ഷിക്കപ്പെടേ ണ്ടതാണ്. ഇവയിൽ ഒന്നില്ലാതെ മറ്റേത് നമ്മുടെ

ജനാധിപത്യത്തെ ഒരു ശൂന്യമായ കൂട് ആക്കി മാറ്റും, ഈ മഹത്തായ ഭരണഘടന അവർക്ക് നൽകിയ ഇന്ത്യൻ ജനത അത് അനുവദിക്കില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

18. നമ്മുടെ പൗരത്വം ഭരണഘടനയുടെ അടിസ്ഥാന ഘടകമായ മതേതരത്വത്തിന്റെ ഓരോ അംശത്തിനും വിരുദ്ധമായതിനാൽ ഒരിക്കലും മതത്തിന്റെ അടിസ്ഥാനത്തിലാകാൻ കഴിയില്ല. നമ്മുടെ ഭരണഘടനയ്ക്ക് കീഴിലുള്ള സുപ്രധാന തത്വങ്ങൾക്ക് വിരുദ്ധമായതിനാൽ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ഈ മഹനീയ സഭ ഐകകണ്ഠേന പാസ്സാക്കി. ഇതിനെ തുടർന്ന്, എന്റെ സർക്കാർ ഭരണഘടനയുടെ 131-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ വിനിയോഗിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഒരു ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തു.

19. ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും നമ്മുടെ ഫെഡറലിസത്തിന്റെ സ്തംഭ

ങ്ങളാണ്. വിശാലമായ ദേശീയ താത്പര്യം മനസ്സിൽ വച്ചുകൊണ്ട് സംസ്ഥാനങ്ങളുടെ യഥാർത്ഥ ആശങ്കയുടെ ശബ്ദങ്ങൾ, പ്രത്യേകിച്ചും ഭരണഘടനാ മൂല്യങ്ങൾ ഉൾപ്പെടുമ്പോൾ നമ്മുടെ പൗരാവലിയിലെ വലിയൊരു വിഭാഗത്തിന് വ്യാപകമായ ഉത്ക്കണ്ഠകളും ആശങ്കകളും ഉണ്ടാകുകയും ചെയ്യുമ്പോൾ ശരിയായ അർത്ഥത്തിൽ കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതുണ്ട്.

20. നിറവേറ്റിയ വാഗ്ദാനങ്ങളുടെ വിശദാംശങ്ങളിലേയ്ക്കും വിവിധ മേഖലകളിലെ എന്റെ സർക്കാരിന്റെ നയപരമായ വീക്ഷണങ്ങളിലേയ്ക്കും തിരിയുന്നതിനു മുമ്പ്, എല്ലാ വർഷവും തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പുരോഗതി റിപ്പോർട്ടുകൾ കൊണ്ടുവന്ന് എന്റെ സർക്കാർ ജനങ്ങളോട് ഉത്തരവാദിത്തത്തിന്റെ പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് ഞാൻ പ്രസ്താവിക്കട്ടെ. ഇത് തീർച്ചയായും നമ്മുടെ ജനാധിപത്യ ചരിത്രത്തിൽ ഒരു പുതിയ പന്ഥാവ് തെളിക്കുന്ന നടപടിയാണ്.

**കൃഷി**

21. സംസ്ഥാനത്തെ കാർഷികമേഖലയെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി പുന:സംഘടിപ്പിക്കുന്നതും അതുവഴി എല്ലാ കാർഷിക പദ്ധതികളും ഫണ്ടുകളും ഗുണപരമായ വിനിയോഗം എന്ന ലക്ഷ്യത്തോടെ വിള-അധിഷ്ഠിതവും പ്രദേശാധിഷ്ഠിതവുമായ രീതിയിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതുമാണ്.

22. അപ്രതീക്ഷിതമായുണ്ടായ കാലാവസ്ഥാ വ്യതിയാനംമൂലം കേരളത്തിലെ കർഷകർക്ക് സംഭവിച്ച ഭീമമായ സാമ്പത്തിക നഷ്ടത്തിന്റെ വെളിച്ചത്തിൽ, കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്ന കൃഷിരീതികളായ അതായത് ജലസംരക്ഷണത്തിനും മണ്ണുസംരക്ഷണത്തിനുമായി അടിസ്ഥാനസൗകര്യം വികസിപ്പിക്കുക, വിവിധ വിളകൾ ഇടവിട്ട് കൃഷി ചെയ്യുക, വെള്ളപ്പൊക്കത്തെയും വരൾച്ചയെയും പ്രതിരോധിക്കുന്ന വിളയിനങ്ങൾ വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക, പരിസ്ഥിതി എൻജിനീയറിങ് മറ്റുള്ളവ എന്നിവയ്ക്ക് ഊന്നൽ നൽകുന്നതാണ്.

23. "കൃഷി പാഠശാല" എന്ന പുതിയ പദ്ധതിക്ക് കീഴിൽ, കൃഷിഭവനുകൾ മുഖേന സംസ്ഥാനത്തെ പത്ത് ലക്ഷം കർഷകർക്ക് പരിശീലനം നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ നെൽവയലുകൾ വഹിക്കുന്ന പങ്ക് പരിഗണിച്ചുകൊണ്ട്, 'റോയൽറ്റി ഫോർ ഇക്കോസിസ്റ്റം സർവീസ്' എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ നെൽവയൽ ഉടമകൾക്കും സാമ്പത്തിക സഹായം നൽകുന്നതാണ്. കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനക്ഷമമാക്കുന്നതും പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ കർഷക ക്ഷേമപദ്ധതികളും ഈ ബോർഡ് മുഖേന നടപ്പിലാക്കുന്നതുമാണ്. എള്ള്, കരിമ്പ്, നിലക്കടല, എന്നിവപോലെയുള്ള പ്രദേശാധിഷ്ഠിത വിളകളുടെ കൃഷിയും ജനകീയമാക്കലും പ്രോത്സാഹിപ്പിക്കുന്നതാണ്. പ്രളയബാധിത പ്രദേശങ്ങളിൽ, പ്രത്യേകിച്ചും മധ്യകേരളത്തിൽ, ജാതിക്ക പോലെയുള്ള സുഗന്ധ വ്യഞ്ജന വൃക്ഷയിനങ്ങൾക്കായും പ്രധാനമായും കുരുമുളക് കൃഷി ചെയ്യുന്ന ഇടങ്ങളിൽ കുരുമുളകിനായും റെസ്റ്റോറേഷൻ ആന്റ് ഫ്ലഡ് മിറ്റിഗേഷൻ പരിപാടികൾ ഉദ്ദേശിക്കുന്നു.

24. എന്റെ സർക്കാർ കൃഷി ഭവനുകളിൽ, അവയെ കൂടുതൽ കർഷക സൗഹൃദമാക്കുന്നതിനായി, ഫ്രന്റ് ഓഫീസ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതിയിടുന്നു. വകുപ്പിനകത്തും വകുപ്പുകളുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ തമ്മിലും ഉള്ള വിവരങ്ങളുടെ പ്രസരണത്തിന് (Vertical and Horizontal Data Transmission) വേണ്ടി ഒരു ഐ.റ്റി അധിഷ്ഠിത പ്ലാറ്റ് ഫോം സ്ഥാപിക്കുന്നതും മെച്ചപ്പെട്ടതും വേഗത്തിലുള്ളതുമായ സേവനം കർഷകർക്ക് നൽകുന്നതിനായി ഇ-ഗവേണൻസ് പരിപാടി വകുപ്പിലാകെ വ്യാപിപ്പിക്കുന്നതുമാണ്. പരമ്പരാഗതവും തദ്ദേശീയവുമായ വിളയിനങ്ങളുടെ സംരക്ഷണത്തിന്, പ്രത്യേകിച്ചും ഗോത്രവാസ കേന്ദ്രങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുമാണ്. ഗോത്ര വർഗ്ഗക്കാരുടെ വംശീയ ഭക്ഷണ സംസ്ക്കാരം (ethnic food culture) സംരക്ഷിക്കുന്നതിനും പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതിനും

ലക്ഷ്യമിട്ടുകൊണ്ട് അട്ടപ്പാടിയും അതിരപ്പള്ളിയും ഉൾപ്പെടെയുള്ള ഗോത്ര വർഗ്ഗപ്രദേശങ്ങളിൽ ഒരു പ്രത്യേക പദ്ധതി രൂപീകരിക്കുന്നതാണ്.

25. വിവിധ ലബോറട്ടറികൾക്കായി എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നടപടികൾ ആരംഭിക്കുന്നതാണ്. യന്ത്രവൽക്കരണത്തിനായി സാങ്കേതികവും സാമ്പത്തികവുമായ കൂടുതൽ സഹായങ്ങൾ നൽകുന്നതാണ്. ചെറിയ കൃഷിയിടങ്ങളിലെ യന്ത്രവൽക്കരണവും അതുപോലെ കൃഷിയിടങ്ങളിലെ വൻതോതിലുള്ള ഓട്ടോമേഷനും പ്രോത്സാഹിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് വിദഗ്ധതൊഴിൽ, കൃഷി ഉപകരണങ്ങൾ വാടകയ്ക്കെടുക്കൽ, ഉപകരണങ്ങളുടെയും യന്ത്ര സാമഗ്രികളുടെയും അറ്റകുറ്റ പണി, പരിപാലനം എന്നിവയ്ക്കായി ഒരു ഏകജാലക വിതരണ സംവിധാനമായി "കൃഷിശ്രീ" കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

26. ഭക്ഷ്യ സുരക്ഷിത പച്ചക്കറികളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പച്ചക്കറി

വികസന പരിപാടികൾ 2020 ജനുവരി മുതൽ 2021 ഏപ്രിൽ വരെ "ജീവനി" മിഷൻ മോഡിലേക്ക് പരിവർത്തനപ്പെടുത്തുന്നതാണ്. നമ്മുടെ സംസ്ഥാന ഫലമായ ചക്കയുടെ സംഭരണത്തിനും സംസ്കരണ ത്തിനുമായി വി.എഫ്.പി.സി.കെ. വഴി പ്രത്യേക പരിപാടി നടപ്പിലാക്കുന്നതാണ്. പ്രതിവാര വിപണി കാര്യക്ഷമമാക്കുന്നതാണ്. വയനാട്ടിൽ പുഷ്പകൃഷി യിൽ ഒരു "മികവിന്റെ കേന്ദ്രം" സ്ഥാപിക്കുന്നതാണ്. വയനാട് ജില്ലയിൽ പുഷ്പഗ്രാമങ്ങൾ (flori villages) സ്ഥാപിക്കുന്നതാണ്.

**മൃഗസംരക്ഷണം**

27. എന്റെ സർക്കാർ, കന്നുകാലികൾക്ക് വേണ്ടി സമഗ്ര ഇൻഷ്വറൻസ് വാഗ്ദാനം ചെയ്തു. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ("ഗോസമൃദ്ധി") തത്സമയ വെബ് പോർട്ടലിലൂടെ കുറഞ്ഞ പ്രീമിയം നിരക്കുകളോടെ നടപ്പാക്കുകയും ധാരാളം കർഷകരെ കടക്കെണിയിൽ നിന്നും തടയുകയും ചെയ്തു.

28. 2019-ൽ സംസ്ഥാനത്തെ 105 ബ്ലോക്കുകളിൽ അടിയന്തര നിശാ വെറ്ററിനറി സേവനം ലഭ്യമാക്കി. ഇത് സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും

വ്യാപിപ്പിക്കും. കർഷകർക്ക് വാതിൽപ്പടി വെറ്ററിനറി സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ നിലവാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങളോടെ യുള്ള മൊബൈൽ-ടെലി-വെറ്ററിനറി യൂണിറ്റുകളും മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളും സ്ഥാപിക്കും. കർഷകർക്ക് ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മാതൃകാ വെറ്ററിനറി സ്ഥാപന ങ്ങൾ വികസിപ്പിക്കും. ഒരു ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (DSS) പോലെ ഒരു ഡിജിറ്റൽ ഹേർഡ് ബുക്ക് പ്രോഗ്രാം നടപ്പാക്കാൻ എന്റെ സർക്കാർ ഉദ്ദേശി ക്കുന്നു. സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് മാപ് ചെയ്യുന്നതിന് മൃഗങ്ങളെ തിരിച്ചറിയുന്നതിനുവേണ്ടി ജി.ഐ.എസ്. മാപിംഗുമായി സംയോജിപ്പിച്ചുകൊണ്ട് ആർ.എഫ്.ഐ.ഡി. ടാഗിംഗ് ആരംഭിക്കും.

29.പരമ്പരാഗതമായി മൃഗസംരക്ഷണ പ്രവർത്ത നങ്ങൾ ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി പോലെ സർക്കാർ പിന്തുണച്ചിരുന്നു. എന്റെ സർക്കാർ ഈ മേഖലയെ വരുമാനമുണ്ടാക്കുന്നതിനും തൊഴിലവ സരങ്ങൾക്കുമുള്ള ഒരു വാണിജ്യ സംരംഭമായി വികസിപ്പിക്കുന്നതിനും ഇപ്പോൾ ഉദ്ദേശിക്കുന്നു.

കർഷകർക്ക്, പ്രത്യേകിച്ച് വാണിജ്യപരമായി ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം നൽകും.

**സഹകരണം**

30. 13 ജില്ലാ സഹകരണ ബാങ്കുകളെ (DCBs) കേരള സംസ്ഥാന സഹകരണ ബാങ്കുമായി സംയോജിപ്പിച്ചു കൊണ്ടുള്ള കേരള ബാങ്ക് രൂപീകരണം നാം വിജയകരമായി നിറവേറ്റിയ മറ്റൊരു വാഗ്ദാനം ആണ്. പ്രൊഫഷണൽ മാനേജ്മെന്റും ആധുനിക ബാങ്കിംഗ് സാങ്കേതികവിദ്യയും സന്നിവേശിപ്പിച്ചുകൊണ്ട് പുതുതായി രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) സംസ്ഥാനത്തിന്റെ മുഴുവൻ ബാങ്കിംഗ് ആവശ്യങ്ങളും നിറവേറ്റുന്നതാണ്.

31. 2018-ലെ കേരള പ്രളയത്തിനു ശേഷം സംസ്ഥാനത്തെ ജനങ്ങളുടെ വിവിധ അടിയന്തര ആവശ്യങ്ങളെ നിറവേറ്റുന്നതിനായി സഹകരണ വകുപ്പ് കെയർ-ഹോം, കെയർ-ലോൺ, കെയർ-ഗ്രേസ് എന്നീ 3 ഘടകങ്ങളുള്ള "കെയർ-കേരള" (കേരള പുനർനിർമ്മിതിക്കുള്ള സഹകരണസഖ്യം) പദ്ധതികൾ

നടപ്പിലാക്കിയിട്ടുണ്ട്. കെയർഹോമിന്റെ കീഴിൽ ഇതു വരെയായി 1935 വീടുകൾ നിർമ്മിക്കുകയും പൂർണ്ണമായും വീടു നഷ്ടപ്പെട്ടവർക്ക് അവ കൈമാറുക യുമുണ്ടായി. കെയർ-ലോൺ മുഖേന വിവിധ സഹകരണ വായ്പാ സംഘങ്ങൾ പ്രളയബാധിതർക്ക് കുടുംബശ്രീ യൂണിറ്റുകൾ വഴി വായ്പകൾ വിതരണം ചെയ്യുകയുണ്ടായി. കെയർ-ഗ്രേസ് വഴി വൈദ്യപരി ശോധനയും ആരോഗ്യ കാർഡും, ദുരന്തങ്ങൾ നേരിടുന്നതിനുള്ള ഗൈഡ്, വാട്ടർപ്രൂഫ് ഡോക്യുമെന്റ് ഫോൾഡർ, പ്രഥമശുശ്രൂഷ കിറ്റ് എന്നിവ കെയർ ഹോം ഗുണഭോക്താക്കൾക്ക് നൽകുകയുണ്ടായി.

32. സ്വകാര്യ പണമിടപാടുകാരിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന മൈക്രോ ഫിനാൻസ് പദ്ധതിയായ 'മുറ്റത്തെ മുല്ല'-യിൻ കീഴിൽ നാളിതുവരെ 219.34 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. ട്രാൻസ്ജെന്റർമാരുടെ ക്ഷേമത്തി നായി കേരള സ്റ്റേറ്റ് ട്രാൻസ്ജെന്റർ വെൽഫയർ സഹകരണ സംഘം ലിമിറ്റഡും പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന പ്രവാസി ക്ഷേമ

വികസന സഹകരണ സംഘം ലിമിറ്റഡും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

33. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കോ-ഓപ് മാർക്ക് എന്നു വിളിക്കുന്ന ഏക ബ്രാൻഡിലും ഗുണനിലവാര മുദ്രയിലും കീഴിൽ കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 'ഡിജിറ്റൽ ഡമോക്രസിയെ' അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപന ങ്ങളെ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ പങ്കെടു ക്കുന്നതിലേയ്ക്ക് സഹായിക്കുന്നതിനായി "പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റീവ്സ്" എന്ന ആശയം അവതരിപ്പി ക്കുന്നതാണ്.

34. പാലക്കാട് നെല്ല് സംഭരണ-സംസ്കരണ-വിപണന സഹകരണ സംഘം ലിമിറ്റഡ് നമ്പർ.പി.1449 (PAPCOS) പാലക്കാട് കണ്ണമ്പ്രയിൽ പ്രതിദിനം 200 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ആധുനിക അരി മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**സാംസ്കാരിക കാര്യം**

35. കലാകാരന്മാരെ ആഗോളതലത്തിൽ എത്തി ച്ചേരാൻ സഹായിക്കുന്നതിന് കലാകാരന്മാർക്കുള്ള

ഉപജീവന പദ്ധതി/റൂറൽ ആർട്ട് ഹബ്സ് എന്ന പദ്ധതി വിപുലപ്പെടുത്തി. കഴിഞ്ഞ വർഷം ആരംഭിച്ച '1000 യുവ കലാകാരന്മാർക്ക് വേണ്ടി ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ്' തദ്ദേശസ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ തുടരുന്നതാണ്. തുറസ്സായ സ്ഥലങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും നഗരങ്ങളിലും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേണ്ടി പൊതു നടപ്പാതകളുടെയും പൊതുസ്ഥലങ്ങളുടെയും അരികെ സാംസ്കാരിക ഇടങ്ങൾ വികസിപ്പിക്കുന്നതിന് 'നാട്ടരങ്ങ്', മറ്റൊരു സവിശേഷ പദ്ധതി വിഭാവനം ചെയ്യുന്നു.

36. മലയാളം മിഷൻ അതിന്റെ കേന്ദ്രങ്ങൾ ലോകവ്യാപകമായി 31 രാജ്യങ്ങളിലും ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലും സ്ഥാപിക്കുന്നതിൽ വിജയിച്ചു. സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ഈ ഭാഷ ധാരാളം പഠിതാക്കളിലേയ്ക്ക് എത്തിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

37. ടെലിവിഷൻ വ്യവസായത്തിലെ ഒരു വിശിഷ്ട വ്യക്തിത്വത്തിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നതിന് കേരള ചലച്ചിത്ര അക്കാദമി തുടക്കം കുറിക്കുന്നതാണ്.

## സാമ്പത്തികവും സ്ഥിതിവിവരക്കണക്കും

38. തെളിവ് അടിസ്ഥാനത്തിലെ ആസൂത്രണത്തിനും വികസനത്തിനും ഡാറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2019-ൽ എന്റെ സർക്കാർ ഏറ്റെടുത്ത പ്രമുഖ സംരംഭങ്ങളിലൊന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അടിസ്ഥാന സ്ഥിതിവിവരക്കണക്കാണ്. വരുംവർഷം ഔദ്യോഗിക ഡാറ്റാ ശേഖരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അത് സുസ്ഥിര വികസനലക്ഷ്യം (SDG) സൂചിക ചട്ടക്കൂടുമായി വിന്യസിപ്പിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. ദേശീയവും അന്തർദേശീയവുമായ നിലവാരവുമായി തുല്യമായ രീതിശാസ്ത്രപരവും നിർവ്വചനാത്മകവുമായ കൃത്യത ഉറപ്പുവരുത്തുന്നതിനായി വകുപ്പ് വഴി നടത്തുന്ന പതിവ് സർവ്വേകളും പഠനങ്ങളും പരിഷ്കരിക്കും. ആധുനിക സ്റ്റാറ്റിസ്റ്റിക്കൽ ടൂൾസും സാങ്കേതിക വിദ്യയും ഡാറ്റാ അപഗ്രഥനത്തിനും മൈനിംഗിനും വേണ്ടി വരുംവർഷത്തിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

**പരിസ്ഥിതി**

39. 2019-ൽ ആദ്യമായി നടന്ന യു.എൻ. യൂത്ത് ക്ലൈമറ്റ് സമ്മിറ്റിൽ യുവസാരഥികൾ "കാലാവസ്ഥാനുബന്ധമായി ഉണ്ടാകുന്ന നടപടികൾ ആവശ്യപ്പെടുന്നതിനുവേണ്ടിയുള്ള ഉചിതമായ വേദിയിലാണ് നാം ഇപ്പോൾ" എന്നു പറയുകയുണ്ടായി. ജല മലിനീകരണം സംബന്ധിച്ച് ബോധവത്ക്കരണം വ്യാപിപ്പിക്കുന്നതിന്റെയും പരിഹാരനടപടികൾ സ്വീകരിക്കുന്നതിന്റെയും ഭാഗമായി ജലാശയങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും ഭൂ-മിത്രസേനാ ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേകിച്ച്, ജില്ലകളിൽ കാലാവസ്ഥാ വ്യതിയാനം വേഗത്തിൽ ബാധിക്കുന്ന ദുർബല സ്ഥലങ്ങളിൽ (hotspot) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രവർത്തന രേഖ (LAPCC) രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കാലാവസ്ഥാ വ്യതിയാന ലഘൂകരണം, അതിജീവനം സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവയിലെ പോസ്റ്റ്

ഡോക്ടറൽ റിസർച്ച് പ്രോത്സാഹിപ്പിക്കുന്നതിന് 'ഉജ്ജ്വൽ ഫെല്ലോഷിപ്പ് പ്രോഗ്രാം', പ്രാദേശിക മേഖലാ തലത്തിൽ വിവിധ പാരിസ്ഥിതിക വശങ്ങളിൻമേൽ ഗവേഷണ പ്രോജക്റ്റുകൾ നടത്തുന്നതിനായി പരിസ്ഥിതി ശാസ്ത്രം/എഞ്ചിനീയറിങ്ങ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന 'വിദ്യാപോഷിണി' എന്ന സ്റ്റുഡന്റ് ഫെല്ലോഷിപ്പ് പ്രോഗ്രാം എന്നിവ ഈ വർഷം എന്റെ സർക്കാർ ആരംഭിക്കുന്നതാണ്.

40. എന്റെ സർക്കാർ 2020 ജനുവരി 1 മുതൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്ക് നിരോധിച്ചിട്ടുണ്ട്. പകരം ഉപയോഗിക്കാവുന്ന വസ്തുക്കൾ സംബന്ധിച്ചും നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്വം (extended producer responsibility) നടപ്പിലാക്കുന്നതും ഉൾപ്പെടെ നിരോധനം കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതാണ്.

41. 2020 ഏപ്രിൽ മാസത്തിൽ 280 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രോജക്ട് (ICZMP)

ആരംഭിക്കുന്നതും 4 വർഷത്തിൽ വടക്കൻ ജില്ലകളിലെ തീരപ്രദേശങ്ങളും ജീവനോപാധിയും മെച്ചപ്പെടുന്നതിന് സഹായകമാവുകയും ചെയ്യും.

42. 2019-ൽ എല്ലാ ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവ വൈവിധ്യ പരിപാലന സമിതികളുടെ (BMC) രൂപീകരണം പൂർത്തിയാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം. പ്രാദേശികതലത്തിൽ ജൈവ വൈവിധ്യം, ജൈവ വൈവിധ്യ പരിപാലന സമിതികൾ തയ്യാറാക്കിയ പരമ്പരാഗത അറിവുകളോടൊപ്പം ജനകീയ ജൈവ വൈവിധ്യ പരിപാലന രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പൂർത്തിയാക്കുകയും, അത് ഇന്ത്യയിൽ 100% ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ രൂപീകരണം കൈവരിച്ച ആദ്യ സംസ്ഥാന ജൈവ വൈവിധ്യ ബോർഡായി കേരളത്തെ വീണ്ടും മാറ്റുകയുണ്ടായി. ഇപ്പോൾ ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ (PBR) ഡിജിറ്റൈസ് ചെയ്യുന്നതും ഓരോ വർഷവും കാലികമാക്കുന്നതുമാണ്. ജൈവ വൈവിധ്യ സംരക്ഷണത്തിനായി പ്രാദേശികമായി

നയങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാദേശിക ജൈവവൈവിധ്യ സമ്പന്ന പ്രദേശങ്ങളെ പൈതൃക സ്ഥാനങ്ങളായി വിജ്ഞാപനം ചെയ്യുവാൻ ജനകീയ ജൈവ വൈവിധ്യ പരിപാലന സമിതി (BMC) സഹായിക്കുന്നതാണ്. കൊല്ലത്തെ ആശ്രാമം കണ്ടൽ കാടുകൾ കേരളത്തിലെ പ്രഥമ ജൈവവൈവിധ്യ പൈതൃക സ്ഥാനമായി 2019-ൽ ഔദ്യോഗികമായി വിജ്ഞാപനം ചെയ്തിരുന്നു.

43. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നദികളിലും ഭൂപ്രദേശങ്ങളിലുമുള്ള മാലിന്യ സംസ്കരണവും മലിനീകരണവും നിരീക്ഷിക്കുന്നത് തുടരുന്നതാണ്. വേമ്പനാട് കായലിന്റെയും അഷ്ടമുടിക്കായലിന്റെയും വീണ്ടെടുപ്പും നവീകരണവും സ്വിസ് ചാലഞ്ച് രീതിയിൽ ഏറ്റെടുക്കുന്നതാണ്. ചാനലുകളെയും മിഡ്ചാനലുകളെയും സംരക്ഷിക്കുന്നതിനായി തദ്ദേശ സ്ഥാപനതലത്തിൽ കർമ്മപദ്ധതികൾ രൂപീകരിക്കുന്നതാണ്. എന്റെ സർക്കാർ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനായി ഒരു നയം കൊണ്ടുവരുന്നതാണ്. സ്വയംനിയന്ത്രണ സംവിധാനത്തിലൂടെ വ്യവസായത്തെ നിരീക്ഷിക്കുന്നതും

പാലിക്കുന്നതും ശക്തിപ്പെടുത്തുന്നതിനായി ഓൺലൈൻ കണ്ടിന്യൂസ് എമിഷൻ മോണിറ്ററിംഗ് സിസ്റ്റം ബോർഡ് ഏർപ്പെടുത്തുന്നതാണ്.

**എക്സൈസ്**

44. എന്റെ സർക്കാർ ലഹരി മുക്തി എന്നതിനോടുള്ള അതിന്റെ വാഗ്ദാനത്തിന്റെയും പ്രതിജ്ഞാബദ്ധതയുടെയും ഭാഗമായി 9 ലഹരി വിമുക്തി കേന്ദ്രങ്ങളും 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ഗുരുതരമായ കുറ്റങ്ങളുടെ കാര്യക്ഷമമായ അന്വേഷണത്തിനായി എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ലൈസൻസുകൾ, പെർമിറ്റുകൾ എന്നിവ നൽകുന്നതുൾപ്പെടെയുള്ള 21 സേവനങ്ങളുടെ നടപടിക്രമങ്ങൾ ഓൺലൈനാക്കിയിട്ടുണ്ട്.

45. പാലക്കാട് എക്സൈസ് ടവർ ഈ വർഷം പൂർത്തീകരിക്കുന്നതാണ്. കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ, വയർലെസ്സ് സംവിധാനം സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

സാധാരണക്കാർക്ക് പരാതികൾ രജിസ്റ്റർ ചെയ്യുന്ന തിനുള്ള സൗകര്യങ്ങളോടുകൂടിയ ഒരു വെബ് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പുനരധിവാസ സൗകര്യ ങ്ങളോടുകൂടിയ ഒരു സംസ്ഥാനതല ലഹരിവിമുക്തി കേന്ദ്രം ആരംഭിക്കുന്നതാണ്.

46. കശുവണ്ടി, മാങ്ങ, ചക്ക, വാഴപ്പഴം അതുപോലെയുള്ള പഴവർഗ്ഗങ്ങളിൽനിന്നും വൈനും ആൾക്കഹോളിന്റെ അംശം കുറവായ മദ്യവും ഉത്പാദിപ്പിക്കുന്നത് അനുവദിക്കുന്നതിനുള്ള തീരുമാനം എന്റെ സർക്കാർ ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. ഇത് കർഷകരുടെ ആദായം മെച്ചപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്.

**ഫിഷറീസ്**

47. കേരളത്തിന് നാശംവിതച്ച പ്രളയകാലത്ത് വ്യാപകമായി പ്രചരിച്ചിരുന്ന ഒരു പോസ്റ്റ്-ൽ "ഹോളിവുഡിന് സ്പൈഡർമാനും ബാറ്റ്മാനും അയൺമാനുമുണ്ട്, എന്നാൽ, നമ്മൾ കേരളീയർക്ക് ഒരൊറ്റ പേരിൻകീഴിൽ - ഫിഷർമെൻ - ഇവർ എല്ലാ

പേരുമുണ്ട്" എന്ന് പറഞ്ഞിരുന്നു. മത്സ്യ തൊഴിലാളികൾക്ക് ആവശ്യമുള്ള വള്ളങ്ങളും വലകളും വാങ്ങുന്നതിനായി മത്സ്യ തൊഴിലാളികളുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) പലിശരഹിത വായ്പകൾ നൽകിക്കൊണ്ട് അവരെ അവരുടെ വള്ളങ്ങളുടെയും വലകളുടെയും ഉടമകളാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അങ്ങനെ രൂപീകരിക്കപ്പെട്ട ജെ.എൽ.ജി.-കൾ വീഴ്ച വരുത്താതെ വായ്പ തിരിച്ചടക്കുമെന്ന നിബന്ധനയിൻമേൽ, വായ്പാതുകയിൻമേലുള്ള പലിശ സർക്കാർ വഹിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മുൻകൂട്ടിയുള്ള കാലാവസ്ഥാ പ്രവചനവുമായി ബന്ധപ്പെട്ട് നിരന്തരം വിവരങ്ങൾ നൽകുന്നതിനും രക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും വേണ്ടി എല്ലാ മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ സജ്ജമാക്കുന്നതാണ്.

48. ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്തിയ മത്സ്യലഭ്യതയ്ക്കായും ശുചിത്വമുള്ള സാഹചര്യങ്ങളിൽ മത്സ്യ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾക്ക് ന്യായമായ

വില ലഭിക്കുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രാപ്ത രാക്കുന്നതിനും വേണ്ടി എന്റെ സർക്കാർ ഒരു നിയമം കൊണ്ടുവരുന്നതാണ്. മത്സ്യത്തൊഴിലാളികളെയും മത്സ്യത്തൊഴിലാളികളുടെ കുട്ടികളെയും വകുപ്പിലെ ഉദ്യോഗസ്ഥരെയും, യഥാസമയം നൂതന പദ്ധതികൾ ഏറ്റെടുക്കുവാൻ സജ്ജമാക്കുന്നതിന്, അന്തർദേശീയ തലത്തിൽ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക പരിശീലനം നൽകുന്നതാണ്. സർവ്വകലാശാലകളും വകുപ്പുകളുമായുള്ള വിദ്യാർത്ഥി/ഉദ്യോഗസ്ഥ വിനിമയ പരിപാടികൾ അന്തർദേശീയതലത്തിൽ നടത്തുന്ന താണ്.

49. സമുദ്രത്തിൽ നിന്നും പ്ലാസ്റ്റിക്ക് നീക്കം ചെയ്യുന്നതിനായി നീണ്ടകരയിലെ മത്സ്യത്തൊഴി ലാളികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന 'ശുചിത്വ സാഗരം' പദ്ധതി യു.എൻ.-ന്റെ അംഗീകാരം നേടിയിട്ടുള്ളതും, അത് മുനമ്പം, ബേപ്പൂർ, പുതിയാപ്പ തുറമുഖങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതുമാണ്.

50. എല്ലാ ഫിഷ് ഫാമുകളും ജി.ഐ.എസ്സ്. മാപ് ചെയ്യുന്നതും, രജിസ്ട്രേഷനും ലൈസൻസും നൽകു ന്നതുമാണ്. ജീവനുള്ള മത്സ്യങ്ങളുടെ മാർക്കറ്റുകളും

മത്സ്യ സൂപ്പർമാർക്കറ്റുകളും ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. മുട്ടത്തറ മത്സ്യത്തൊഴിലാളി ഹൗസിംഗ് കോളനിയുടെ വിജയം ഈ വർഷം മറ്റു തീരദേശ ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്.

**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും**

51. എന്റെ സർക്കാർ, ആലപ്പുഴ ജില്ലയിൽ 'വിശപ്പുരഹിത കേരളം' എന്ന പരീക്ഷണാടി സ്ഥാനത്തിലുള്ള പരിപാടി വിജയകരമായി നടപ്പിലാക്കി. തൃശ്ശൂർ, പാലക്കാട്, പത്തനംതിട്ട, വയനാട് എന്നിവിടങ്ങളിലെ വിദൂര ഗോത്രവർഗ്ഗ കോളനികളിൽ സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി വിതരണ സംവിധാനം, ദേശീയഭക്ഷ്യ ഭദ്രതാ ആക്റ്റിന്റെ ഗുണഭോക്താക്കൾക്ക് 12 സംസ്ഥാനങ്ങളിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തു നിന്ന് അവർക്ക് അർഹമായ സാധനങ്ങൾ വാങ്ങുന്നത് സാധ്യമാക്കി.

52. 2020-ൽ ഇ-റേഷൻ കാർഡ് ഏർപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും അതുവഴി അപേക്ഷകർക്ക് റേഷൻ കാർഡുകൾ പ്രിന്റ്

ചെയ്യുവാൻ സാധ്യമാകുന്നതുമാണ്. മാവേലി സ്റ്റോറിന്റെ വിൽപ്പന കേന്ദ്രങ്ങളില്ലാത്ത 16 ഗ്രാമ പഞ്ചായത്തുകളിൽ അവ തുറക്കുന്നതാണ്. കാര്യക്ഷമമായ ഉപഭോക്തൃതർക്ക പരിഹാരത്തിനായി ലീഗൽ മെട്രോളജി വകുപ്പ്, സംസ്ഥാനത്ത് മൂന്ന് സഞ്ചരിക്കുന്ന പരിശോധന യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

53. സീസണലായുള്ള പഴവർഗ്ഗങ്ങളും പച്ചക്കറി കളും അവ ലഭ്യമല്ലാത്ത സീസണുകളിലും ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനായി, ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് കൗൺസിൽ, ചിൽഡ് സ്റ്റോറേജുകളും ഡീഹൈഡ്രേഷൻ പ്ലാന്റുകളും ആരംഭിക്കുന്നതാണ്.

**വനം - വന്യജീവി**

54. ആന ഉടമകളുടെ വിശദാംശങ്ങളോടുകൂടി, നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗും അവയുടെ വലിപ്പം, ഭാരം തുടങ്ങിയ അളവുകൾ തിരിച്ചറിയുന്നതിന് മൈക്രോചിപ്പുകൾ ഘടിപ്പിക്കുന്നതും പൂർത്തിയാക്കിയ ഇന്ത്യയിലെ പ്രഥമ സംസ്ഥാനമാണ്

കേരളം. കാട്ടിൽനിന്നും പിടിച്ച ആനകളുടെയും നാട്ടാനകളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ ആന പുനരധിവാസകേന്ദ്രങ്ങളുടെ പണി പുരോഗമിച്ചു വരുന്നു. കടുവകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കഴിഞ്ഞ ദശാബ്ദത്തിൽ വയനാട്ടിലും, പരിസര പ്രദേശങ്ങളിലും മനുഷ്യരും വലിയ മാംസഭോജികളും തമ്മിലുള്ള സംഘട്ടനം വർദ്ധിക്കുന്നതിന് കാരണ മായിട്ടുണ്ട്. മുറിവേറ്റ കടുവകളുടെ സത്വര ചികിത്സയ്ക്കായും ആവശ്യമുള്ളിടത്ത് അവയുടെ ശാശ്വതമായ പുനരധിവാസത്തിനായും ഒരു കടുവ പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

55. എല്ലാ വർഷവും വനംവകുപ്പ് വിവിധ വൃക്ഷത്തൈ നടീൽ പരിപാടികൾക്കായി 60-70 ലക്ഷം തൈകൾ ഉപയോഗിക്കുന്നു. ഇതുവരെ, ഈ തൈകൾ പോളിത്തീൻ ബാഗുകളിലോ പ്ലാസ്റ്റിക് റൂട്ട് ട്രെയിനറു കളിലോ ആണ് വളർത്തിയിരുന്നത്. എന്റെ സർക്കാർ തൈകൾക്കു വേണ്ടി പ്ലാസ്റ്റിക് രഹിത കമ്പോസ്റ്റബിൾ കവറുകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. വന

ങ്ങളെയും അതിലെ ജന്തുജാലങ്ങളെയും അവിടെ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങളുടെ ഭീഷണിയിൽനിന്നും മുക്തമാക്കുക എന്നത് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഗ്രീൻ ഗ്രാസ്സ് എന്ന ഒരു ത്രിവത്സര പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കണ്ടെത്തിയ മാലിന്യ നിക്ഷേപസ്ഥലങ്ങളിൽനിന്നും 1900 ടൺ മാലിന്യം ഇതിനകം നീക്കം ചെയ്തിട്ടുണ്ട്.

56. ഉയർന്ന ഉത്പാദനക്ഷമതയ്ക്കും ഗുണ നിലവാരത്തിനും വേണ്ടി, മെച്ചപ്പെട്ട പരിപാലന ത്തിൻകീഴിൽ തേക്കിൻ തോട്ടങ്ങളെ കൊണ്ടുവരുന്ന തോടെ ഗുണനിലവാരം കുറഞ്ഞതും, ദുരന്ത സാധ്യതാ പ്രദേശങ്ങൾ, വന്യജീവി ഇടനാഴികൾ, നദീതീരങ്ങൾ, നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ തോട്ടങ്ങളെ പ്രകൃതിവനങ്ങളായി വീണ്ടെടുക്കുന്നതാണ്. സമാന മായി, ജല-പാരിസ്ഥിതിക-കാലാവസ്ഥാ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി യൂക്കാലിപ്റ്റസ്, അക്കേഷ്യ മുതലായ എല്ലാ പൾപ്പ് വുഡ് തോട്ടങ്ങളും ഘട്ടംഘട്ടമായി അവസാനിപ്പിക്കുന്നതും പ്രസ്തുത പ്രദേശം പ്രകൃതി വനങ്ങളായി വീണ്ടെടുക്കുന്നതു മാണ്.

57. കണ്ണൂരിലെ, കണ്ണവത്ത് സുസ്ഥിര വിനോദ സഞ്ചാരത്തോടൊപ്പം പ്രകൃതി സംരക്ഷണത്തിലും ഒരു മികവിന്റെ കേന്ദ്രമായി ഒരു വന്യജീവി സഫാരി പാർക്ക് സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അമൂല്യമായ സമുദ്രജല ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി എന്റെ സർക്കാർ, തീരദേശ സമുദ്ര പ്രദേശങ്ങളിൽ, പ്രത്യേക സമുദ്ര സംരക്ഷിത പ്രദേശങ്ങളെ കമ്മ്യൂണിറ്റി റിസർവ്വുകളായി പ്രഖ്യാപിക്കുന്നതാണ്.

58. നിയമപരമല്ലാത്ത വന്യജീവി വ്യാപാരം മുമ്പെങ്ങുമില്ലാത്ത രീതിയിൽ വർദ്ധിച്ചിട്ടുള്ളതും അതിലേറെയും ഓൺലൈൻ വ്യാപാരസ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് ഡിജിറ്റലായുള്ള തെളിവുകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി, അന്വേഷകന് സാങ്കേതിക സഹായം നൽകുന്നതിന് ഒരു ഹൈ എൻഡ് സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസം

59. എന്റെ സർക്കാരിന്റെ കീഴിൽ പൊതുവിദ്യാഭ്യാസത്തിൽ സമഗ്രമായ മാറ്റമാണ് കാണാൻ കഴിഞ്ഞത്. സംസ്ഥാനത്തെ ജനങ്ങൾ ഇതിനെ പ്രശംസിക്കുകയും 5 ലക്ഷത്തിലധികം കുട്ടികളെ സർക്കാർ സ്കൂളുകളിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അക്കാദമിക നിലവാരം ഉയർത്തുന്നതിനായി എല്ലാ സ്കൂളുകൾക്കും വേണ്ടി ഒരു അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. 40 ലക്ഷം കുട്ടികളിൽ ഓരോരുത്തരുടെയും പ്രത്യേക കഴിവുകൾ തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പ്രദേശത്തെ പ്രമുഖ വ്യക്തികളുമായി വിദ്യാർത്ഥികൾക്ക് ഇടപഴകുന്നതിന് അവസരമൊരുക്കുന്ന "വിദ്യാലയം പ്രതിഭകളിലേയ്ക്ക്" എന്ന പദ്ധതിക്ക് അനുകൂല പ്രതികരണം ലഭിച്ചിട്ടുള്ളതും എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതുമാണ്.

60. ഈ വർഷം എന്റെ സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ വിപുലമായ നവീകരണവും എല്ലാ ക്ലാസ് മുറികളുടെയും ഡിജിറ്റൈസേഷനും പൂർത്തീകരിക്കുന്നതുമാണ്. സ്കൂൾ ലബോറട്ടറികൾ

നവീകരിച്ചു കൊണ്ടിരിക്കുന്നു. ക്ലാസ് മുറികളിലെ ഫർണിച്ചർ മെച്ചപ്പെടുത്തുന്നതിന് ഒരു പദ്ധതി വികസിപ്പി ക്കുന്നതാണ്.

61. ഒരു ലക്ഷം ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കുന്നതാണ്. സ്കൂൾ കാമ്പസുകളെ മയക്കുമരുന്ന്, ശബ്ദമലിനീകരണം എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതാണ്. കുടിയേറ്റ തൊഴിലാളി കളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി എറണാകുളം ജില്ലാഭരണകൂടം ആരംഭിച്ച "റോഷ്നി" പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. വൊക്കേഷ ണൽ ഹയർ സെക്കൻഡറി വിഭാഗം പൂർണ്ണമായും നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിലേയ്ക്ക് (NSQF) പരിവർത്തനം ചെയ്യുന്നതാണ്.

## ഹാർബർ എഞ്ചിനീയറിംഗ്

62. എന്റെ സർക്കാർ മത്സ്യബന്ധന തുറമുഖ ങ്ങളുടെ വികസനത്തിൽ മുന്നേറ്റം നടത്തി. കണ്ണൂരിലെ തലായ് മത്സ്യബന്ധന തുറമുഖവും തൃശ്ശൂർ ജില്ലയിലെ ചേറ്റുവ മത്സ്യബന്ധന തുറമുഖവും 2019-ൽ കമ്മിഷൻ ചെയ്തു എന്നത് അഭിമാനകരമായ ഒരു

കാര്യമാണ്. താനൂർ മത്സ്യബന്ധന തുറമുഖവും വെള്ളയിൽ മത്സ്യബന്ധന തുറമുഖവും വരുന്ന സാമ്പത്തിക വർഷത്തിൽ കമ്മിഷൻ ചെയ്യുന്നതാണ്. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പണികളും തോട്ടപ്പള്ളി, കാസർഗോഡ് മത്സ്യബന്ധന തുറമുഖങ്ങളുടെയും ചെത്തി തുറമുഖത്തിന്റെയും രണ്ടാംഘട്ട വികസനവും വരുന്ന വർഷത്തിൽ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം ആരംഭിക്കുന്നതാണ്.

63. ഒഴുക്കിനെതിരായ വേലിയേറ്റം ഒഴിവാക്കുന്നതിന് വർഷത്തിലുടനീളം വിവിധ അഴിമുഖങ്ങൾ തുറന്ന് വയ്ക്കുന്നതിനായി റിവർ ട്രയിനിംഗ് വർക്സ് എന്ന ഒരു പുതിയ പദ്ധതിക്ക് ഉദ്ദേശമുണ്ട്.

64. മത്സ്യത്തിനും മറ്റു കടൽ ജീവികൾക്കും അതിഹാനികരമാകുന്ന പ്ലാസ്റ്റിക് ഫൈബർ മാലിന്യങ്ങളാൽ സമുദ്ര മലിനീകരണം വർദ്ധിക്കുന്നതിനെക്കുറിച്ച് എന്റെ സർക്കാരിന് ബോധ്യമുണ്ട്. ശുചിത്വ സാഗരം പദ്ധതിയുടെ വിജയത്തെ തുടർന്ന്, കടലിൽ നിന്നും മാലിന്യങ്ങൾ കൊണ്ടുവരുന്ന മത്സ്യത്തൊഴി

ലാളികൾക്ക്, ഇത്തരം മാലിന്യങ്ങൾ ജീർണ്ണിപ്പിച്ച് ഉത്പാദിപ്പിക്കുന്ന ഡീസൽ, സബ്സിഡി അടിസ്ഥാന ത്തിൽ നൽകുന്നതിനുള്ള ഒരു പദ്ധതി തെരഞ്ഞെടു ക്കപ്പെട്ട മത്സ്യബന്ധന തുറമുഖങ്ങളിൽ ഏറ്റെടുക്കുന്ന താണ്.

**ആരോഗ്യം**

65. എന്റെ സർക്കാരിന്റെ 'ആർദ്രം മിഷന്റെ' നിർവ്വഹണം, രാജ്യത്തെ സംസ്ഥാനങ്ങൾക്കിടയിൽ ഉന്നത സ്ഥാനം നിലനിർത്താൻ സംസ്ഥാനത്തെ പ്രാപ്തമാക്കിയിട്ടുണ്ട്. സർക്കാർ ആശുപത്രികളായ 170 എഫ്.എച്ച്.സി.-കളുടെ രോഗീസൗഹൃദ പരിവർത്തനത്തിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ച തിനെ തുടർന്ന് 200 എഫ്.എച്ച്.സി.-കളുടെ രണ്ടാം ഘട്ട പരിവർത്തനജോലി പുരോഗമിക്കുന്നു. ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്. ആർദ്രം മിഷൻ ഉൾപ്പെടെ നിലവിലുള്ള എല്ലാ പദ്ധതികളും തുടരുന്നതും

എസ്.ഡി.ജി. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകി അവ ശക്തിപ്പെടുത്തുന്നതുമാണ്.

66. പകർച്ചേതര വ്യാധികളായ രക്തസമ്മർദ്ദവും പ്രമേഹവുമുള്ളവരെ ജനസംഖ്യാടിസ്ഥാനത്തിൽ സ്ക്രീൻ ചെയ്യുന്നതിനുവേണ്ടി നാലു ജില്ലകളിൽ ആരംഭിച്ച പ്രവർത്തനം ഈ വർഷം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. അതുപോലെ ഡയബറ്റിക് റെറ്റിനോപ്പതി സ്ക്രീൻ ചെയ്യുന്നതിനും കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച നയനാമൃതം പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ഗർഭിണികളുടെ മാനസികാരോഗ്യത്തിന് വേണ്ടിയുള്ള അമ്മ മനസ്സ് പരിപാടി, സംസ്ഥാനതല ആത്മഹത്യ പ്രതിരോധ പരിപാടി, ആദിവാസി മേഖലകൾക്കും തീരദേശ മേഖലകൾക്കും വേണ്ടിയുള്ള മാനസികാരോഗ്യ പരിപാടി എന്നിവയും ഈ വർഷം ആരംഭിക്കുന്നതാണ്.

67. സംസ്ഥാനത്തിനു വേണ്ടിയുള്ള 'സമഗ്ര ട്രോമാകെയർ പദ്ധതി'യുടെ ഭാഗമായി അടിസ്ഥാന ജീവൻരക്ഷാ സംവിധാനത്തോടു കൂടിയ അഗ്രഗേറ്റർ മോഡൽ ആംബുലൻസ് സർവ്വീസുകൾ നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഒരു കരൾ മാറ്റിവയ്ക്കൽ കേന്ദ്രം ആരംഭിക്കുന്നതാണ്. ഭക്ഷ്യ വിപണനത്തിൽ ശുചിത്വ നിലവാരം ഉയർത്തുന്നത് പ്രോൽസാഹിപ്പിക്കാനും അവയുടെ നിലവാരം നിശ്ചയിക്കുന്നതിനും വേണ്ടി ഫുഡ് ഹൈജീൻ റേറ്റിംഗ് ആന്റ് ബ്രാൻഡിംഗ് സിസ്റ്റം ആരംഭിക്കുന്നതാണ്.

68. ഉപയോഗിക്കാത്തതും കാലഹരണത്തീയതി കഴിഞ്ഞതുമായ മരുന്നുകളുടെ അശാസ്ത്രീയമായ നീക്കം ചെയ്യൽ മനുഷ്യരിലെയും മൃഗങ്ങളിലെയും ആന്റി മൈക്രോബിയൽ പ്രതിരോധത്തിനെ മാരകമായി ബാധിക്കുന്ന അവസ്ഥയ്ക്ക് ഇടയാക്കാം. ഉപയോഗിക്കാത്ത/കാലഹരണപ്പെട്ട മരുന്നുകൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനു വേണ്ടി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് വ്യാപാരികളുമായി യോജിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാന

ത്തിൽ തിരുവനന്തപുരം ജില്ലയിൽ PROUD എന്ന പേരിൽ പ്രോഗ്രാം ഓൺ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ് ആരംഭിക്കുകയുണ്ടായി. ഇത് കേരള സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതാണ്. 3-നും 6-നും ഇടയിൽ പ്രായമുള്ളതും വളർച്ചാവൈകല്യങ്ങളുമുള്ളതുമായ കുട്ടികൾക്ക് സമഗ്രപരിഹാര പരിശീലനം നൽകുന്നതിനായി ഒരു കേന്ദ്രം കോഴിക്കോട് IMHANS-ൽ ആരംഭിക്കുന്നതാണ്.

**ആയുഷ്**

69. കേരള ജനതയുടെ ആരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും അഭിവൃദ്ധിക്കായി ആയുർവ്വേദ-ഹോമിയോ വകുപ്പുകൾ വഴി എന്റെ സർക്കാർ ധാരാളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർദ്രം പീപ്പിൾസ് കാമ്പയിനിലൂടെ ആരോഗ്യകരമായ ഭക്ഷണരീതി, ആരോഗ്യകരമായ ജീവിതശൈലി, ശാരീരിക വ്യായാമം, ശുചിത്വം, ഡീ-അഡിക്ഷൻ, ആരോഗ്യം തേടുന്ന സ്വഭാവം പ്രോത്സാഹിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് ഇവ വ്യാപിപ്പിക്കും. ഹോമിയോ ഡയറക്ടറേറ്റിൻ കീഴിൽ കണ്ണൂരിൽ വന്ധ്യതാ ചികിത്സയിൽ ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കും.

ഹോമിയോപ്പതിയിലൂടെ ശ്രവണ വൈകല്യമുള്ളവരുടെ മാനേജ്മെന്റിനുള്ള സാധ്യത വിപുലമാക്കുന്നതിനായി ആയുഷ് വകുപ്പ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)-മായി സഹകരിക്കും.

**ഉന്നതവിദ്യാഭ്യാസം**

70. എന്റെ സർക്കാർ ഈ വർഷം കോളേജ് കെട്ടിടങ്ങളുടെയും ലബോറട്ടറികളുടെയും നിർമ്മാണത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്. വരുന്ന അക്കാദമിക് സെഷൻ മുതൽ പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർവ്വകലാശാലകൾ ഏകീകൃത രീതിയിലും യഥാസമയത്തും നടത്തുന്നതാണ്. കൂടുതൽ കാര്യക്ഷമത, അക്കാദമിക സ്ഥാപനങ്ങളുടെ പുനർനവീകരണം, കോളേജുകളിലെ അക്കാദമിക സ്വയംഭരണം എന്നിവ കൊണ്ടുവരുന്നതിനായി സർവ്വകലാശാലകൾ അവയുടെ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതാണ്. സർവ്വകലാശാലകൾ, വ്യവസായ പ്രേരകമായ തെരഞ്ഞെടുക്കാവുന്ന കോഴ്സുകൾ മുഖേന വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിലവസര

ങ്ങൾക്കുള്ള സൗകര്യമുണ്ടാക്കിക്കൊണ്ടും കൂടുതൽ വിദേശ വിദ്യാർത്ഥികൾക്ക് കാമ്പസുകളിൽ പ്രോൽസാഹനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടും അവരുടെ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതാണ്.

71. എന്റെ സർക്കാർ എല്ലാ സർവ്വകലാശാലകളുടെയും വിദൂരവിദ്യാഭ്യാസ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഈ വർഷം ഓപ്പൺ യൂണിവേഴ്സിറ്റി ഓഫ് കേരള ആരംഭിക്കുന്നതാണ്. കേരള സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള അംഗീകാരമുള്ള കോളേജുകളിൽ ബിഗ് ഡാറ്റാ അനാലിസിസിനു വേണ്ടിയുള്ള ഒരു കേന്ദ്രവും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നീ മേഖലകളിൽ നൂതന കോഴ്സുകളും തുടങ്ങുന്നതാണ്. വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുന്നതിനുവേണ്ടി ഫാബ് ലാബുകൾ സ്ഥാപിച്ചുകൊണ്ട് പോളിടെക്നിക്കുകളെ സജ്ജമാക്കുന്നതാണ്. ഐ.ഐ.എസ്.ഇ.ആർ. പോലെയുള്ള മുൻനിര സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തിലൂടെ ഫാക്കൽറ്റികൾക്ക് പരിശീലനം നൽകുന്നതാണ്. കോളേജുകളിലെയും സർവ്വകലാശാലകളിലെയും വിദ്യാർത്ഥി നേതാക്കളെ പരിശീലന

പരിപാടികളിലൂടെ വിദേശത്തുള്ള മുൻനിര സർവ്വകലാശാലകളെ പരിചയപ്പെടുത്തിക്കൊടുക്കുന്നത് ഈ വർഷവും തുടരുന്നതാണ്. സർക്കാർ വകുപ്പുകളും കോർപ്പറേറ്റുകളും ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ഹാക്കത്തോണുകളുടെ ഒരു പരമ്പര നടത്തുകയും വ്യവസായ പ്രേരക കോഴ്സുകളുടെ വിന്യാസം ഏകോപിപ്പിക്കുകയും സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവർക്കും മടങ്ങി വന്ന പ്രവാസികൾക്കും വേണ്ടി കമ്മ്യൂണിറ്റി കോളേജുകൾ നടത്തുകയും ചെയ്യുന്നതാണ്.

72. വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ സൗഖ്യം സംരക്ഷിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് എല്ലാ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ജീവനി കൗൺസലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ വിജയം ഉൾക്കൊണ്ടുകൊണ്ട് എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എയ്ഡഡ് കോളേജുകളിലും ഈ വർഷം അത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

എന്റെ സർക്കാർ വിദ്യാർത്ഥികൾക്കുവേണ്ടി പഠിക്കുക സമ്പാദിക്കുക എന്ന പദ്ധതി ആരംഭിക്കുന്നതാണ്.

73. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഇ-ജേർണലുൾക്കുവേണ്ടി ഒരു സംസ്ഥാന തല കൺസോർഷ്യം ആരംഭിക്കുന്നതാണ്. എല്ലാ സ്ഥാപനങ്ങൾക്കും അംഗീകാരം നിർബന്ധമാക്കും. സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും മാന്യമായ സേവന-വേതന ആനുകൂല്യങ്ങൾ എന്റെ സർക്കാർ ഉറപ്പാക്കുന്നതാണ്.

74. സംഘടനകൾ രൂപീകരിക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉറപ്പാക്കുന്നതിനും ജനാധിപത്യപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി കാലേക്കൂട്ടിയുള്ള പരിശീലനം ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു ബിൽ എന്റെ സർക്കാർ തയ്യാറാക്കിയിട്ടുള്ളതും നിയമസഭ മുമ്പാകെ കൊണ്ടുവരുന്നതുമാണ്. ഇത് എന്റെ സർക്കാരിന്റെ ഒരു മാർഗ്ഗദർശകമായ ശ്രമമാണ്.

75. വ്യവസായത്തിൽ നിന്നുള്ള പിന്തുണയോടെ ഒരു ഇ.വി. ടെസ്റ്റിംഗ് ലാബ് സ്ഥാപിച്ചും എഞ്ചിനീയറിംഗ്

രംഗത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ഗവേഷണ പങ്കാളിത്തത്തോടെയും ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് & ടെക്നോളജി (TrEST) റിസർച്ച് പാർക്കിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**ആഭ്യന്തരം**

76. ക്രമസമാധാനപാലനത്തിൽ ജനങ്ങളോട് എല്ലാക്കാലത്തുമുള്ള പ്രതിബദ്ധത എന്റെ സർക്കാർ ആവർത്തിച്ചുറപ്പിക്കുന്നു.

77. ഗുരുവായൂർ, പിണറായി പോലീസ് സ്റ്റേഷനുകളുടെയും ഇടുക്കി, മലപ്പുറം, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ എന്നിവിടങ്ങളിലെ ജില്ലാ പരിശീലന കേന്ദ്രങ്ങളുടെയും നിർമ്മാണം വരുംവർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. കൊച്ചി നഗരത്തിൽ പ്രവർത്തിക്കുന്ന എല്ലാ പോലീസ് ഓഫീസുകളും ഭരണപരമായ സൗകര്യത്തിനായി ഒരൊറ്റ സമുച്ചയത്തിലേയ്ക്ക് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള "കൊച്ചി സിറ്റി പോലീസ് സമുച്ചയ"-ത്തിന്റെ നിർമ്മാണത്തിന് തുടക്കം കുറിക്കുന്നതാണ്. പുതിയ

സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭി ക്കുന്നതാണ്.

78. സമകാലീന ക്യാമറ സാങ്കേതിക വിദ്യ ഉപയോഗിച്ച് എല്ലാത്തരം ട്രാഫിക് കുറ്റങ്ങളും കേരളത്തിലുടനീളമുള്ള കുറ്റവാളികളെയും കണ്ടെത്തു ന്നതിനും തിരിച്ചറിയുന്നതിനും സഹായകമാക്കുന്ന തിനായി, കേന്ദ്ര-മോട്ടോർ വാഹന നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കനുസരിച്ചുള്ള 'ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം' വരുംവർഷത്തിൽ നടപ്പിലാക്കുന്നതാണ്. സ്റ്റുഡന്റ് കേഡറ്റ് പോലീസ് സ്കീം 100 സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. തീവ്രവാദം തടയുന്നതിന് എന്റെ സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നത് തുടരുന്നതാണ്. പോലീസ് വകുപ്പിൽ ഒരു "കൗണ്ടർ ഇന്റലിജൻസ് സെൽ" (CIC) തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പ്രവർത്തനങ്ങളുടെ ക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിന്റെ എല്ലാ സാങ്കേതിക യൂണിറ്റുകളെയും തിരുവനന്തപുരത്തെ പോലീസ് ടെക്നോളജി സെന്ററിൻ കീഴിൽ കൊണ്ടുവരുന്നതാണ്. സംസ്ഥാന ക്രൈം റിക്കാർഡ്സ് ബ്യൂറോയ്ക്ക് ഒരു ഡാറ്റാ അനാലിസിസ് കേന്ദ്രം ഉണ്ടായിരിക്കുന്നതാണ്.

79. മയക്കുമരുന്നു സാമ്പിളുകളുടെ സമയ ബന്ധിത വിശകലനത്തിനായി ഗ്യാസ് ക്രോമറ്റോഗ്രാഫ് പോലുള്ള യന്ത്രങ്ങൾ വാങ്ങി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് ശക്തിപ്പെടുത്തുന്നതാണ്.

**ഭവന നിർമ്മാണം**

80. തലയ്ക്കു മീതേ ഒരു കൂര എന്ന പാവപ്പെട്ടവരുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് അവരെ സഹായിക്കുന്നതിനുള്ള സാമൂഹ്യ പ്രതിബദ്ധത കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തുടർന്നു വരുന്നു. ഭവനനിർമ്മാണ മേഖലയിലെ വിവിധ സംരംഭകർക്ക് സാമ്പത്തികസഹായം നൽകിക്കൊണ്ട് പ്രകൃതി ദുരന്ത പ്രതിരോധവും പാരിസ്ഥിതിക സൗഹൃദവും ഊർജ്ജക്ഷമവും ചെലവു കുറഞ്ഞതുമായ ക്ലൈമറ്റ് റെസ്പോൺസീവ് ഹൗസിംഗ് ടെക്നോളജി ജനകീയമാക്കുന്നതിന് ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കേരള ക്ലൈമറ്റ് റെസ്പോൺസീവ് ഹൗസിംഗ് ഡിസൈൻ പ്രൊമോഷൻ പ്രോഗ്രാം നടത്തുകയുണ്ടായി.

81. സർക്കാരിന്റെ കർത്തവ്യം ഡെവലപ്പർ എന്നതിനേക്കാൾ ഒരു ഫെസിലിറ്റേറ്റർ എന്ന് പുനർനിർവ്വചിച്ചുകൊണ്ടുള്ള ഒരു പുതിയ കേരള ഹൗസിംഗ് പോളിസി ഈ വർഷം കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾ ആവശ്യപ്പെടുന്ന വിധത്തിലുള്ള മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം, സൗരോർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗം, സുരക്ഷിതമായ മാലിന്യ നിർമ്മാർജ്ജനം, തദ്ദേശീയമായ സാമഗ്രികളുടെ പ്രോൽസാഹനം എന്നിവ പുതിയ നയത്തിൽ ആരായുന്നതാണ്. കേന്ദ്ര സഹായം ഉപയോഗപ്പെടുത്തി കോട്ടയത്തെ ഗാന്ധിനഗറിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റലും തൃശ്ശൂർ മെഡിക്കൽ കോളേജിനടുത്ത് രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസിക്കുന്നതിനായി ആശ്വാസ് റെന്റൽ സ്കീമും ആരംഭിക്കുന്നതാണ്.

## വ്യവസായവും വാണിജ്യവും

82. എന്റെ സർക്കാർ പൊതുമേഖലയെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്. എന്നാൽ കേരളത്തിൽ

സംസ്ഥാനസർക്കാർ സൗജന്യമായി നൽകിയ സ്ഥല ങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെട്ടുകൊണ്ടിരി ക്കുകയാണ്. അങ്ങനെ സംഭവിക്കുമ്പോൾ അത് ഏറ്റെടുക്കുന്നതിനുള്ള ആദ്യ അവകാശം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടതാണ്.

83. എന്റെ സർക്കാർ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ റാങ്കിംഗിൽ അടുത്ത ഒരു വർഷത്തിനുള്ളിൽ ഏറ്റവും മുകളിലുള്ള അഞ്ചിൽ ഒന്നായി മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നിക്ഷേപ കർക്ക് വ്യവസായ നിക്ഷേപം സംബന്ധിച്ചു വേണ്ട എല്ലാ വിവരങ്ങളും സ്പഷ്ടീകരണങ്ങളും നൽകുന്ന തിനായി ഒരു 24/7 ടോൾ ഫ്രീ നമ്പർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. എല്ലാ അന്വേഷണങ്ങളും നിക്ഷേപ ങ്ങളുടെ സുഗമമാക്കലും കൈകാര്യം ചെയ്യുന്ന തിനായി എല്ലാ ജില്ലകളിലെയും ജില്ലാ ബോർഡുകളിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ഉണ്ടായിരിക്കുന്നതും സംസ്ഥാനതലത്തിൽ കെ.എസ്.

ഐ.ഡി.സി സമാനമായ ഇൻവെസ്റ്റ്മെന്റ് ഫെസിലി റ്റേഷൻ സെന്റർ രൂപീകരിക്കുന്നതുമാണ്.

84. എന്റെ സർക്കാർ വ്യവസായ ഇടനാഴി പദ്ധതിയുടെ കൊച്ചി എക്സ്റ്റൻഷനു കീഴിൽ പാലക്കാട്/തൃശ്ശൂർ നോഡിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ച്ച റിംഗ് ക്ലസ്റ്റർ (IMC)-ന്റെ വികസനത്തിനായി 1351 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടിയെടുത്തു. ഈ പദ്ധതിയുടെ മാസ്റ്റർ പ്ലാനിംഗ് ആക്ടിവിറ്റി ഉടൻ ആരംഭിക്കുന്നതാണ്. സ്റ്റാർട്ടപ്പ് സംരംഭകരെ സമഗ്രമായ ഒരു ഇന്നോവേഷൻ ആക്സിലറേഷൻ സ്കീമിലൂടെ സഹായിക്കുന്നതാണ്. എം.എസ്.എം.ഇ-കൾ പ്രത്യേകിച്ച് ചെറുകിട മേഖലയിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഫണ്ടിന്റെ കുറവ് അഭിമുഖീ കരിക്കുന്നു. അതിനാൽ ഉല്പാദനമേഖലയെയും സേവന മേഖലയെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ്സ് " എന്ന ഒരു പുതിയ പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്.

85. കേരളത്തിലേക്ക് വൻകിട പ്രദർശനങ്ങൾ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ കാക്കനാട്

15 ഏക്കർ സ്ഥലത്ത് ഒരു ലോകനിലവാരത്തിലുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനായി കിൻഫ്ര, ഇൻഡ്യാ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനുമായി ചേർന്ന് ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിയ്ക്കുന്നതാണ്. ഈ സൗകര്യം കേരളത്തിലെ വ്യവസായികൾക്ക് ലോകമാർക്കറ്റിൽ അവരുടെ ഇടം കണ്ടെത്തുന്നതിന് സാധ്യമാക്കുന്നു.

86. എന്റെ സർക്കാർ കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനും ആരോഗ്യസംരക്ഷണത്തിനുമായി "ഹാന്റ്ലൂം ഫാമിലി വെൽഫയർ സ്കീം" എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. രൂപകല്പനയും വൈവിധ്യ വല്ക്കരണവും നടപ്പിലാക്കിക്കൊണ്ട് കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ ഉല്പാദനവും വില്പനയും വർദ്ധിപ്പിക്കുന്നതാണ്.

87. പുതിയ ഉല്പന്നങ്ങളിലും വികസനപ്രക്രിയ കളിലുമുള്ള തുടർന്നു വരുന്ന ഗവേഷണവും വികസനവും ഏകോപിപ്പിക്കുന്നതിനായി പൊതു

മേഖലാ സ്ഥാപനങ്ങൾക്കായി ഒരു സഹകരണ പ്ലാറ്റ്ഫോം രൂപീകരിക്കുന്നതാണ്. ഇതിനായി റിയാബിന്റെ കീഴിൽ ഒരു ടെക്നിക്കൽ സർവ്വീസ് സപ്പോർട്ട് സെന്റർ (TSSC) സ്ഥാപിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധി തവുമാണെന്ന് ഉറപ്പാക്കുന്നതിനും, കൂടാതെ വാങ്ങലി ലെയും വില്പനയിലെയും അസംസ്കൃത വസ്തുക്കളുടെ ഉപഭോഗത്തിന്റെയും കൃത്യത ഉറപ്പാക്കുന്നതിനുമായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) നടപ്പിലാക്കുന്നതാണ്.

## ഇൻഫർമേഷൻ ആന്റ് പബ്ലിസിറ്റി

88. ഇൻഫർമേഷൻ ടെക്നോളജിയുടെ വിവിധ സാദ്ധ്യതകൾ തേടുന്നതിനായി സർക്കാർ 'റേഡിയോ കേരളം' എന്ന ഇന്റർനെറ്റ് റേഡിയോ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഈ 24 മണിക്കൂർ ഇന്റർനെറ്റ് റേഡിയോ സർവ്വീസ് എല്ലാ പ്രായക്കാരുടെയും അഭിരുചിക്കനുസരിച്ച് സർക്കാരിന്റെ പ്രവർത്തന ങ്ങളെയും കലയെയും സംസ്കാരത്തെയും വിവര

വിനോദ പരിപാടികളെയും ആധാരമാക്കിയ വാർത്തകൾ ലോകമെമ്പാടുമുള്ള കേരളീയർക്ക് ലഭ്യമാക്കുന്നു.

89. സാമ്പ്രദായിക പരസ്യങ്ങളുടെയും ഹോർഡിംഗുകളിലൂടെയുള്ള പരസ്യപ്രവർത്തനങ്ങളുടെയും മണ്ഡലത്തിൽ സർക്കാർ സ്വന്തം ഹോർഡിംഗ് തിരുവനന്തപുരത്ത് സ്ഥാപിക്കുകയും വരുന്ന വർഷത്തിൽ അത് മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്. 'ന്യൂ മീഡിയ'-യിലെ മാറിവരുന്ന താല്പര്യങ്ങൾ കണക്കിലെടുത്ത് മൊബൈൽ മോജോ എന്ന് പൊതുവേ അറിയപ്പെടുന്ന മൊബൈൽ ജേർണലിസത്തിന്റെ മേഖലയിലേയ്ക്ക് സർക്കാർ പ്രവേശിക്കുകയും അത് ബ്ലോക്ക് തലത്തിൽപോലും നടക്കുന്ന പരിപാടികളും പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ച് ആ വിവരങ്ങൾ താമസംവിനാ പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതാണ്.

90. എന്റെ സർക്കാർ ഒരു സംസ്ഥാനതല വിവര സേവന ശൃംഖല സൃഷ്ടിക്കുന്നതാണ്. തലസ്ഥാന നഗരിയിലെ സെൻട്രൽ ഹബ്ബുമായി ബന്ധിപ്പിച്ചു

കൊണ്ട് ഓരോ ജില്ലയ്ക്കും ഓരോ ഇൻഫർമേഷൻ ഹബ്ബ് ഏർപ്പെടുത്തും. ഈ ഇൻഫോ ഹബ്ബുകൾ അതിവേഗ ഡാറ്റാ കണക്ടിവിറ്റി, ലൈബ്രറി, കിയോസ്കുകൾ ഇവയിലൂടെ സർക്കാരിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വൈവിദ്ധ്യ മാർന്ന വിവരങ്ങൾ പൊതുജനങ്ങളെ അവരുടെ ദൈനംദിന ജീവിതത്തിലെ കാലികമായ അറിവ് നൽകിക്കൊണ്ട് സജ്ജമാക്കുന്നു.

**വിവര സാങ്കേതിക വിദ്യ**

91. എല്ലാ പ്രകൃതി-ഭൗതിക സമ്പത്തുകളും തിരിച്ചറിയുന്നതിലേയ്ക്കായി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തിന്റെയും ചെറുകിട വിവരങ്ങൾ ഉൾപ്പെടു ത്തിയ ഭുപടം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഐ.ടി മിഷന്റെ പൊതുജന പങ്കാളിത്ത മാപിംഗ് സംരംഭമായ "മാപ്പത്തോൺ" പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. kerala.data.gov.in എന്ന ഓപ്പൺ ഡാറ്റ പോർട്ടൽ വഴി പൗരന്മാരുമായി വിവരം പങ്കുവയ്ക്കാവുന്നതാണ്. പൊതുജനങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് ലഭ്യതയ്ക്കായി 2000 പബ്ലിക് വൈ-ഫൈ

ഹോട്ട് സ്പോട്ടുകൾ ആരംഭിക്കുന്നതാണ്. വ്യാവസായിക രംഗത്ത് സമൃദ്ധമായ മാനവശേഷി 4.0 സാങ്കേതികവിദ്യയ്ക്കായി വികസിപ്പിക്കുക എന്ന കാഴ്ചപ്പാടോടെ IIITM-K-യെ ഒരു ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ ആന്റ് ടെക്നോളജി എന്ന യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

92. ഐ.ടി പാർക്കുകൾ കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ വൻ വികസനത്തിന് വേദിയായിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട കാമ്പസിൽ 4.5 ലക്ഷം ചതുരശ്രയടിയിൽ ഒരു പുതിയ ഐ.ടി. കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇൻഫോപാർക്കിന്റെ പ്രവർത്തന സ്ഥലം 10 ദശലക്ഷം ചതുരശ്രയടി കവിയുമെന്ന് പ്രതീക്ഷിക്കുന്നു. കോഴിക്കോട് സൈബർ പാർക്കിൽ ഏകദേശം 3 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള രണ്ടാമത്തെ ഐ.ടി. കെട്ടിടം സ്ഥാപിക്കുന്നതാണ്. തിരുവനന്തപുരം ടെക്നോസിറ്റിയിൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുകൊണ്ട് ഒരു സ്പേസ് പാർക്ക് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ടെക്നോസിറ്റി

യിൽ എ.ആർ./വി.ആർ. സൗകര്യങ്ങളോടുകൂടിയ ഒരു ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

93. സംസ്ഥാനത്ത് മെച്ചപ്പെട്ട സ്റ്റാർട്ടപ്പ് അന്തരീക്ഷമൊരുക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ കഴിഞ്ഞ ആറു വർഷമായി പ്രവർത്തിച്ചുവരികയാണ്. സ്റ്റാർട്ടപ്പ് മേഖലയ്ക്ക് ഫർണിഷ് ചെയ്ത സ്ഥലത്തിന്റെ ലഭ്യത കൂട്ടുന്നതിലേക്ക് ഒരു സ്റ്റാർട്ടപ്പ് ഇൻഫ്രാസ്ട്ര ക്ചർ ഓഗ്മെന്റേഷൻ ഫണ്ട് രൂപീകരിക്കുന്നതാണ്. വനിതാസംരംഭകരിൽ നിന്നും പ്രത്യേക കഴിവുള്ള വരിൽനിന്നും ഉള്ള സ്റ്റാർട്ടപ്പുകൾ പ്രോത്സാഹി പ്പിക്കുന്നതിലേയ്ക്കായി പുതിയ പദ്ധതികൾ കൊണ്ടു വരുന്നതാണ്.

94. മലയാളം കമ്പ്യൂട്ടിംഗിനുള്ള സംസ്ഥാന നോഡൽ ഏജൻസിയായ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ICFOSS) ന് ഇന്ത്യാ ഗവൺമെന്റിൽ നിന്നും ഒരു സയന്റിഫിക് റിസർച്ച് ഓർഗനൈസേഷൻ (SIRO) ആയി അംഗീകാരം ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സഹകര ണത്തോടെ ഐ.സി.എഫ്.ഒ.എസ്.എസ് (ICFOSS)-നെ

ഒരു സൗജന്യ സോഫ്റ്റ് വെയർ/ഹാർഡ് വെയർ-നുള്ള ഒരു ഇന്റഗ്രേറ്റഡ്, അക്കാദമിക് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്ററായി വികസിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**ഉൾനാടൻ ജലഗതാഗതം**

95. സംസ്ഥാനം സങ്കീർണ്ണമായ കനാൽ ശൃംഖലകളാലും കായലുകളാലും ജലസഞ്ചയ ങ്ങളാലും അനുഗ്രഹീതമാണെങ്കിലും ഉൾനാടൻ ജലഗതാഗത മേഖലയെ ഇനിയും അതിന്റെ പൂർണ്ണ മായ സ്ഥിതിയിൽ ചൂഷണം ചെയ്യേണ്ടിയിരിക്കുന്നു. എന്റെ സർക്കാർ മൂന്ന് ഘട്ടങ്ങളിലായി 2025-ന്റെ അവസാനത്തോടെ ഉൾനാടൻ ജലമാർഗ്ഗങ്ങൾ ഒരു സ്മാർട്ട് വേയ്സ് ആയി വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ആദ്യഘട്ടമായി 2020-ൽ കനാലുകൾ നിലവിലുള്ള വ്യാപ്തിയിൽ വികസിപ്പി ക്കുന്നതാണ്. കൈയ്യേറ്റക്കാരുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും കനാലിന്റെ വീതികൂട്ടലും രണ്ടാംഘട്ടമായി 2020-22-ൽ പൂർത്തിയാക്കുന്നതാണ്. 2025-ൽ പൂർത്തിയാക്കേണ്ട മൂന്നാംഘട്ടത്തിൽ

കനാലുകൾ ദേശീയ ജലപാതാ മാനദണ്ഡങ്ങൾക്കനുസരിച്ച് വികസിപ്പിച്ച് വാണിജ്യഗതാഗത മേഖലയ്ക്കും വിനോദസഞ്ചാരമേഖലയ്ക്കുമായി ഉപയോഗിച്ച് ജലഗതാഗതവും വിനോദസഞ്ചാര വികസനവും ജലപാതകൾക്കൊപ്പം ഭാവിയിൽ വികസിപ്പിക്കുന്നതാണ്. ബോട്ടുജെട്ടികളും കാർഗോ ടെർമിനലുകളും നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ഉൾനാടൻ യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

## തൊഴിലും നൈപുണ്യവും

96. ഈ സംസ്ഥാനത്ത് തൊഴിൽ പ്രശ്നങ്ങൾ, ലോക്കൗട്ട് സംഭവങ്ങൾ, തൊഴിൽദിന നഷ്ടം എന്നിവയുടെ സൂചകങ്ങൾ ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. ചില അസംഘടിത മേഖലകളിൽ തൊഴിൽ ബന്ധങ്ങളിൽ ചില അനാരോഗ്യ പ്രവണതകൾ ഉള്ളതും ആയത് കർശനമായി നിരുത്സാഹപ്പെടുത്തുന്നതുമാണ്.

**97.** ഇതരസംസ്ഥാന തൊഴിലാളികൾക്ക് ജീവിക്കുന്നതിനും ജോലി ചെയ്യുന്നതിനും ഒരു

സുരക്ഷിതമായ അന്തരീക്ഷം നല്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധവും അവർക്കായി ധാരാളം ക്ഷേമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിലുള്ള ചികിത്സാ ആനുകൂല്യം പ്രതിവർഷം 25,000/- രൂപയായി ഉയർത്തിയിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കായി ബയോമെട്രിക്ക് കാർഡുകൾ നൽകിയിട്ടുണ്ട്. ഇതരസംസ്ഥാനങ്ങളിൽനിന്നും കുടിയേറിയ 5,01,804 തൊഴിലാളികൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിലിടങ്ങളിലെ അപകടങ്ങൾ മൂലമുള്ള വൈകല്യങ്ങളുടെ പരിരക്ഷയ്ക്കായി ഒരു ലക്ഷം രുപവരെയുള്ള ഇൻഷ്വറൻസ് ആനുകൂല്യം ആരംഭിച്ചിട്ടുണ്ട്.

98. കഴിഞ്ഞ വർഷം 97 സർക്കാർ ഐ.ടി.ഐ.കൾ മുഖാന്തിരം ഏകദേശം 35772 ട്രെയിനികൾക്ക് വിവിധ സ്കീമുകളിൽ പരിശീലനം നല്കിയിട്ടുണ്ട്. കേരള അക്കാഡമി ഓഫ് സ്കിൽ എക്സലൻസ് ഇതുവരെ ഏകദേശം 1.4 ലക്ഷം പേർക്ക് വൈദഗ്ധ്യം നല്കിയിട്ടുള്ളതും ഭിന്നശേഷി

ക്കാർക്കുവേണ്ടി ഒരു മികവിന്റെ കേന്ദ്രവും സി.ഐ.ഐ.-യുടെ സഹായത്തോടെ ഒരു ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടും ആരംഭിക്കുന്നതിന് ആലോചിക്കുന്നു.

**തദ്ദേശ സ്വയംഭരണം**

99. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ശാക്തീകരണം അഭിമാനകരമായ ഒരു കാര്യമാണ്. ഇപ്പോൾ 900 ഗ്രാമപഞ്ചായത്തുകളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഐ.എസ്.ഒ അംഗീകാരം നേടിയിട്ടുള്ളതും അപ്രകാരം അവ പ്രാദേശികതല സേവന വിതരണത്തിന്റെ ഏകജാലക കേന്ദ്രങ്ങളായും മാറിയിരിക്കുന്നു. 2020 ജനുവരിയോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ അംഗീകാരം നേടുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്റ്റിലും അനുബന്ധ ചട്ടങ്ങളിലും വിഭാവനം ചെയ്തിട്ടുള്ളതുപോലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഒരു ഏക ഇലക്ട്രോണിക് പ്ലാറ്റ്ഫോമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം ആരംഭിക്കും.

100. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി "ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ" എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുള്ളതും അത് തലസ്ഥാനത്തെ പ്രധാന പദ്ധതികൾക്ക് പ്രയോജനപ്പെടുന്നതുമാണ്.

101. ലൈഫ് മിഷൻ മുഖേന പാർപ്പിട സൗകര്യം വിജയകരമായി നല്കുന്നതിന് എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടുത്ത ഘട്ടത്തിൽ പ്രി-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് ബഹുനില പാർപ്പിട സമുച്ചയങ്ങൾ ഭൂരഹിതർ, ഭവനരഹിതർ എന്നീ വിഭാഗങ്ങൾക്കു കീഴിൽ വരുന്ന ഗുണഭോക്താക്കൾക്ക് നല്കുന്നതാണ്. അങ്ങനെയുള്ള 85 പാർപ്പിട സമുച്ചയങ്ങളുടെ നിർമ്മാണം ഇതിനകം ആരംഭിച്ചിട്ടുള്ളതും ഇത് 2020 ഒക്ടോബറോടുകൂടി പൂർത്തീകരിക്കുമെന്നും പ്രതീക്ഷിക്കുന്നു. പൊതുജനങ്ങളിൽ നിന്നുള്ള സ്പോൺസർഷിപ്പിന്റെയും ക്രൗഡ് ഫണ്ടിങ്ങിന്റെയും സഹായം ഉപയോഗിച്ചുകൊണ്ട് അങ്ങനെയുള്ള കൂടുതൽ സമുച്ചയങ്ങൾ നിർമ്മിക്കുവാൻ മിഷൻ ഉദ്ദേശിക്കുന്നു.

102. ജില്ലകളിലെ മുൻസിപ്പൽ ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിനായി മാലിന്യം ഊർജ്ജ മാക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാൻ സംസ്ഥാനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ മൂന്നു മേഖലകളിൽ നിർമ്മാണ-പൊളിക്കൽ വേസ്റ്റുകൾ ക്കായി പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. സ്വന്തമായി ഭൂമിയുള്ള തദ്ദേശ സ്ഥാപനങ്ങൾ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിലൂടെ എല്ലാവർക്കും ശ്മശാന സൗകര്യം ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിന് എല്ലാ ശ്രമങ്ങളും സ്വീകരിക്കും.

103. കേരളത്തിൽ ആദ്യമായി വിവിധ എഞ്ചിനീയറിംഗ് കോളേജുകളുടെ സഹകരണ ത്തോടെ 1420 കി.മീ റോഡുകളെ പി.എം.ജി.എസ്.വൈ. രൂപകല്പനാ നിലവാരത്തി ലേയ്ക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു. റോഡ് പരിപാലന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്ന തിനായി ജി.ഐ.എസ് പ്ലാറ്റ്ഫോമിൽ ഒരു ജില്ലാതല റോഡ് നെറ്റ്വർക്ക് മാപ്പിംഗും കണക്ടിവിറ്റി പ്ലാനും വികസിപ്പിക്കുന്നതാണ്.

104. കുടുംബശ്രീ പുതിയ പ്രവർത്തനങ്ങളും കർമ്മ പദ്ധതിയും ആവിഷ്ക്കരിച്ചു കൊണ്ട് വയോജനങ്ങൾക്കും ട്രാൻസ്ജെന്ററുകൾക്കും അംഗ പരിമിതർക്കുംവേണ്ടി സഹായ അയൽക്കൂട്ടങ്ങൾ ഏർപ്പെടുത്തുന്നതാണ്. കുടുംബശ്രീയുടെ സംഘടനാ പരിപാടികളുടെ ഭാഗമായി വിവിധ സേവനങ്ങൾ നല്കുന്നതിനുള്ള ഒരു വോളന്റിയർ നെറ്റ് വർക്ക് ശക്തിപ്പെടുത്തും. ചെറുകിട സംരംഭങ്ങളെ സഹായിക്കുന്നതിനും മാറ്റം വരുത്തുന്നതിനും ചെറുകിട സംരംഭ വിഭവ കേന്ദ്രങ്ങൾ രൂപീകരിക്കും.

105. ദുരന്ത നിവാരണത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് വളരെ നിർണ്ണായകമാണ്. ആയതിനാൽ ദുരന്തങ്ങളിൽ നിന്നുണ്ടാകുന്ന ഏതൊരു അടിയന്തര സാഹചര്യവും നേരിടുന്നതിനുള്ള തയ്യാറെടുപ്പും ലഘൂകരണവും കേന്ദ്രീകരിച്ചു കൊണ്ട് ഒരു തദ്ദേശ സ്വയംഭരണ ദുരന്ത നിവാരണ പദ്ധതി (DMP) തയ്യാറാക്കുന്നതാണ്. 3,40,000 വോളന്റിയർമാർ അടങ്ങുന്ന ഒരു സന്നദ്ധ സേനയെ ദുരന്ത നിവാരണ വുമായി ബന്ധിപ്പിക്കുന്നതാണ്. ഡി.എം.പി.-യും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (LSGI's) വാർഷിക പദ്ധതിയും സംയോജിപ്പി ക്കുന്നതാണ്.

106. തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് അധിക നൈപുണ്യ സമ്പാദന പരിപാടിയുടെ സഹായത്തോടെ അപ്രന്റീസ്ഷിപ്പ് മാതൃകയിൽ യുവ എഞ്ചിനിയറിംഗ് ബിരുദധാരികളുടെ സാങ്കേതിക വൈദഗ്ധ്യം വ്യവസ്ഥ ചെയ്തു കൊണ്ടുള്ള ഒരു സവിശേഷ പദ്ധതി എന്റെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പരിജ്ഞാനം ബിരുദധാരികളെ സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കുന്നു.

**ആസൂത്രണം**

107. കുട്ടനാട് മേഖലയെ അതിതീവ്രമായി ബാധിച്ച 2018-ലെയും 2019-ലെയും തുടർച്ചയായുള്ള പ്രളയങ്ങളുടെ പശ്ചാത്തലത്തിൽ, കുട്ടനാട്ടിലെ ജനങ്ങളുടെ ക്ഷേമവും ഉപജീവനവും ലക്ഷ്യമിട്ട്, വിവിധ വകുപ്പുതല സമീപനങ്ങളിലൂടെ 2019 ഒക്ടോബറിൽ പ്രളയാനന്തര കുട്ടനാടിന് ഒരു പ്രത്യേക പാക്കേജ് സമഗ്ര സമീപനം വഴി സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുകയുണ്ടായി. സമാനമായ

പാക്കേജുകൾ വയനാട്ടിനും ഇടുക്കിക്കും വേണ്ടി തയ്യാറാക്കുന്നതാണ്.

108. എന്റെ സർക്കാർ മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ-ന്റെ നാഷണൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക്, ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ (SDGs) വിഭാവനം ചെയ്തിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്ക് എത്തിച്ചേരുംവിധം നയിക്കപ്പെടുന്ന സ്റ്റേറ്റ് ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക്, സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക മാനങ്ങൾ പ്രകാരം വികസിപ്പിക്കുന്ന പ്രക്രിയയിലാണ്. നീതി ആയോഗ് പ്രസിദ്ധീകരിച്ച 2018-ലെയും 2019-ലെയും സുസ്ഥിര വികസന ലക്ഷ്യത്തിന്റെ ഇന്ത്യൻ സൂചിക റിപ്പോർട്ടുകളിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസരണമായും ഇപ്പോഴത്തെ സർക്കാരിന്റെ നയങ്ങളോടും പരിപാടികളോടും താദാത്മ്യപ്പെടുന്നതും വികസന വിടവുകൾ കണ്ടെത്തുന്നതിനും ആവശ്യമുള്ളിടങ്ങളിൽ ഇടപെടലുകൾ

നിർദ്ദേശിക്കുന്നതിനുമായി **'വിഷൻ ഡോക്കുമെന്റ്-2030'** ഈ വർഷം സർക്കാർ തയ്യാറാക്കുന്നതുമാണ്.

109. സർക്കാരിന്റെ നൂതനസംരംഭങ്ങൾ പ്രദർശിപ്പിക്കുന്നതിനും സമ്പൂർണ്ണ കണ്ടെത്തൽ ശേഷിയോടുകൂടിയ മാലിന്യ രഹിത ഭക്ഷ്യോല്പന്നങ്ങളുടെ സംഭരണം, പാക്കേജിംഗ്, വിതരണം, കൈമാറ്റം എന്നിവയ്ക്കായുള്ള ഒരു മൾട്ടി സ്റ്റേക്ക്ഹോൾഡർ പ്ലാറ്റ്ഫോം പ്രോഗ്രാമിനുവേണ്ടിയും കേരള ഡവലപ്പ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) വാർഷികമായി കേരള ഇന്നോവേഷൻ ദിനം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പതിനാലു ജില്ലകളിലും ജില്ലാ ഇന്നോവേഷൻ കൗൺസിലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും അംഗപരിമിതർക്ക് വേണ്ടിയുള്ള നവീന സംരംഭങ്ങൾക്കായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

110. എന്റെ സർക്കാർ കേരള ഭൂവിനിയോഗ ബോർഡിന്റെ കീഴിലുള്ള ഭൂ-വിവര-പരീക്ഷണശാലയെ (Geo-informatics Laboratory) സംസ്ഥാനതല ഡിജിറ്റൽ

വിവരശേഖരമായി ശക്തിപ്പെടുത്തുന്നതിനും ഹരിത കേരള മിഷന്റെയും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെയും (MGNREGS) കീഴിലുള്ള തണ്ണീർതടാധിഷ്ഠിത ആസൂത്രണത്തിനുള്ള ജി.ഐ.എസ്. (GIS) പിന്തുണ നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. പ്രളയവും ഉരുൾപൊട്ടലും ഗുരുതരമായി ബാധിച്ച തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ലാന്റ് യൂസ് ഡിസിഷൻ മോഡലുകൾ തയ്യാറാക്കുന്നതാണ്. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയും പ്രാഥമിക വിവരങ്ങൾ ശേഖരിച്ചും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ കൂട്ടിച്ചേർത്തും കേരള ഭൂവിഭവത്തിന്റെ പരിഷ്കരിച്ച പതിപ്പു പ്രസിദ്ധീകരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട നദീതടങ്ങൾക്കുവേണ്ടി പരിസ്ഥിതി പുനസ്ഥാപന പദ്ധതികൾ തയ്യാറാക്കുന്നതാണ്. കണ്ണൂർ ജില്ലയ്ക്കുവേണ്ടിയുള്ള തണ്ണീർത്തട വിവര സംവിധാനം പൂർത്തീകരിക്കുന്നതും വിന്യസിക്കപ്പെടുന്നതുമാണ്.

111. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഫലപ്രദമായ നിർവ്വഹണ

ത്തിന് വേണ്ടി തണ്ണീർത്തടവും നെൽവയലുകളും പരിവർത്തനം ചെയ്യപ്പെടുന്ന സർവ്വേ പ്ലോട്ടുകളുടെ ഉപഗ്രഹ ദൃശ്യ കണ്ടെത്തൽ റിപ്പോർട്ടുകൾ നൽകുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ (KSREC) ഉദ്ദേശി ക്കുന്നുണ്ട്. ആസൂത്രണത്തിന്റെ വിവിധ മേഖലകളിൽ ഭൂ-സ്ഥലപര വിജ്ഞാനാടിത്തറ (geospatial knowledge base) സൃഷ്ടിക്കുന്നതിനു സമഗ്രമായ ബോധവത്കരണ പരിപാടിയും പങ്കാളിത്ത ഭൂപടനിർമ്മാണത്തിന് പരിശീലനം നൽകി സ്പാഷ്യൽ ഡാറ്റാ നോളേജ് ഉള്ളവരുടെ ഒരു ശൃംഖല സ്ഥാപിക്കലും കെ.എസ്.ആർ.ഇ.സി. ഏറ്റെടുക്കുന്നതാണ്. ജലസംഭര ണികളുടെയും അവയുടെ കമാന്റ് ഏരിയകളുടെയും ഫലപ്രദമായ ഭരണനിർവ്വഹണത്തിന് ഡ്രോൺ ദൃശ്യപഠനവും സെന്റർ നടത്തുന്നതാണ്.

**ഊർജ്ജം**

112. നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ഉപഭോക്താവിന്റെ വിശ്വസ്തതയിൻമേലുള്ള പ്രതീക്ഷ കളെ തൃപ്തിപ്പെടുത്തുന്നതിനും പ്രസരണ നഷ്ടം കുറച്ച് ന്യായ വിലയ്ക്ക് വൈദ്യുതി ലഭ്യമാക്കുവാനും

പുനരുപയോഗിക്കാവുന്ന വികേന്ദ്രീകൃത ഉൽപ്പാദന മാർഗ്ഗങ്ങളുടെ ആവശ്യകത നടപ്പിലാക്കുവാനും യന്ത്രോപകരണങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനുമായി ഇപ്പോൾ ഗ്രിഡിന്റെ നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഈ വർഷം എന്റെ സർക്കാർ ആലോചിക്കുന്നു.

113. ഊർജ്ജ കേരള മിഷന്റെ വിജയകരമായ നടപ്പാക്കലിലൂടെ 2021-ഓടുകൂടി ആകെ ആവശ്യകതയുടെ 40% ആയി പാരമ്പര്യേതര ഊർജ്ജ ഘടകത്തെമാറ്റി എടുക്കുന്നതിന് എന്റെ സർക്കാർ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ ഗാർഹിക-തെരുവു വിളക്ക് മേഖലയിലെ നിലവിലുള്ള എല്ലാ ഫിലമെന്റ്, സി.എഫ്. എൽ ബൾബുകളും ഊർജ്ജ കാര്യക്ഷമവും ഈടു നിൽക്കുന്നതുമായ എൽ.ഇ.ഡി ബൾബുകൾ മുഖാന്തരം മാറ്റി സ്ഥാപിക്കുന്നതാണ്.

114. സംസ്ഥാനത്തെ ആദ്യത്തെ അതിവേഗ ചാർജ്ജിങ്ങ് ഇലക്ട്രിക് വെഹിക്കിൾ സ്റ്റേഷൻ 2019-ൽ തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചു. കെ.എസ്.ഇ.ബി. 6 മുൻസിപ്പൽ കോർപ്പറേഷനുകളിലും തിരുവനന്തപുരം, എറണാകുളം,

കോഴിക്കോട് ജില്ലകളിലെ 60-ലേറെ കേന്ദ്രങ്ങളിലും പരീക്ഷണാടിസ്ഥാനത്തിൽ ഓരോ eV ചാർജ്ജിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുന്നതാണ്.

115. ഗാർഹിക പരിസരങ്ങളിൽ, അപകട നിരക്ക് ഭയാനകമായ നിരക്കിൽ കൂടിയിട്ടുണ്ട്. "മിഷൻ - ഇ സേഫ് ഹോം" പദ്ധതിയുടെ ഒന്നാം ഘട്ടമായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എനർജി മാനേജ്മെന്റ് സെന്റർ എന്നിവ മുഖേന പണമടയ്ക്കേണ്ടാത്ത ഗ്രൂപ്പിൽപ്പെ ടുന്ന ബി പി എൽ ഉപഭോക്താക്കളുടെ 3000 വീടുകൾ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ ഉപയോഗിച്ച് റീ-വയറിംഗ് നടത്തുവാനും വയറിംഗ് ക്രമീകരിക്കു വാനും എന്റെ സർക്കാർ ആലോചിക്കുന്നു.

116. വൈദ്യുതി കാര്യക്ഷമമായ ഉപകരണ ങ്ങളുടെ വിതരണത്തിനായി ഓരോ നിയമസഭാ മണ്ഡലങ്ങളിലും ഒന്നുവീതം ഊർജ്ജമിത്ര കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തി ഭാരത സർക്കാരിനു കീഴിലുള്ള എനർജി എഫിഷിയൻസി സർവ്വീസസ് ലിമിറ്റഡുമായി (EESL) അനർട്ട് ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അങ്ങനെ കേരളത്തിലെ ജനങ്ങൾക്ക് EESL-ന്റെ

ഉയർന്ന അളവിലുള്ള സംഭരണത്തിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

**പൊതുമരാമത്ത്**

117. എന്റെ സർക്കാർ "പുതിയ കാലം - പുതിയ നിർമ്മാണം" എന്ന നയം സ്വീകരിക്കുകയും അതുവഴി റോഡ് നിർമ്മാണത്തിൽ നൂതന വിദ്യകളും കാലാവസ്ഥാ പ്രതിരോധ സാങ്കേതികവിദ്യകളും സ്വീകരിക്കുന്നതിനും ഊന്നൽ നൽകിവരുന്നു. 50% റോഡുകൾക്ക് പ്ലാസ്റ്റിക് മാലിന്യ ചിന്തുകൾ ഉപയോഗിച്ചു കൊണ്ടുള്ള ബിറ്റുമിനസ് മെക്കാഡമും ബിറ്റുമിനസ് കോൺക്രീറ്റ് പണികളും ഏറ്റെടുത്തു നടത്തുന്നതിനും എല്ലാ റോഡുകളിലെയും ഉപരിതലം പുതുക്കുന്ന പണികൾക്ക് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. നടപ്പാത നിർമ്മാണത്തിൽ കോൾഡ് മില്ലിംഗ് ടെക്നോളജിയും ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജിയും പോലെയുള്ള പേവ്മെന്റ് റീസൈക്ലിംഗ് സാങ്കേതിക വിദ്യകൾ ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. നിലവിലുള്ള നടപ്പാത സാമഗ്രികൾ മേൽ പറഞ്ഞ രീതിയിൽ പുനരുപയോഗിക്കുകയും

അതുവഴി മൊത്തം ഉപഭോഗം കുറയ്ക്കുകയും പരിസ്ഥിതി ചൂഷണം ലഘൂകരിക്കുകയും ചെയ്യുന്നു. 15-20 വർഷത്തെ നിർമ്മാണ കാലാവധിയുള്ള തിൻ വൈറ്റ് ടോപ്പിംഗ് ഓഫ് കോൺക്രീറ്റ്, ഈ സാങ്കേതിക വിദ്യ ലൈഫ് സൈക്കിളിന്റെ നിർമ്മാണചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഫലപ്രദമാകയാൽ, ഉചിതമായ റോഡുകളിൽ ഏർപ്പെടുത്തുന്നതാണ്.

118. എല്ലാ സംസ്ഥാന പാതകളും രണ്ടു വരി നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതാണ്. ഗതാഗത ആവശ്യകത പരിഗണിച്ചുകൊണ്ട് പ്രധാനപ്പെട്ട സംസ്ഥാന പാതകളുടെ നാലു വരിയാക്കലും കൂടി ഏറ്റെടുക്കുന്നതാണ്. 120 കിലോമീറ്റർ ദൈർഘ്യമുള്ള 3 പൈലറ്റ് റോഡുകളുടെ ദീർഘകാല പരിപാലനം പെർഫോമൻസ് ബെയ്സ്ഡ് മെയിന്റനൻസ് കോൺട്രാക്റ്റിൻ കീഴിൽ നടപ്പിലാക്കുന്നതാണ്.

119. എന്റെ സർക്കാർ മലയോര ഹൈവേയ്ക്ക് മുന്തിയ പ്രാധാന്യം നൽകുന്നു. 27 റീച്ചുകൾക്കു വേണ്ടി ഡി.പി.ആർ തയ്യാറാക്കുകയും 18 പദ്ധതികൾക്കു വേണ്ടി കിഫ്ബിയിൽ നിന്നും 1506 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, വയനാട്, കാസർകോട് ജില്ലകളിലെ ഏഴ് റീച്ചുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

120. സംസ്ഥാനത്തെ PWD റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി കേരള സർക്കാർ ആർ.എം.എം.എസ് (റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം) നടപ്പിലാക്കുവാൻ തീരുമാനിക്കുകയും നോഡൽ ഏജൻസിയായ ന്യൂഡൽഹിയിലെ സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി 18 മാസക്കാലാവധിയുള്ള കരാറിൽ 2019-ൽ ഏർപ്പെടുകയുമുണ്ടായി. ബന്ധപ്പെട്ട പ്രവർത്തികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതും വരുംവർഷം പൂർത്തികരിക്കുന്നതുമാണ്. സാമൂഹ്യ-സാമ്പത്തിക പ്രാധാന്യം, തന്ത്രപരമായ പ്രാധാന്യമുള്ള ഇടനാഴികൾ, ഗതാഗതത്തിന്റെ ഏകദേശ സാന്ദ്രത, വാണിജ്യ വാഹനങ്ങളുടെ പങ്കാളിത്തം, പൊതു ഗതാഗത പാതകൾ, പ്രകൃതി ദുരിതാശ്വാസവും, കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതുമായ പ്രവർത്തനം തുടങ്ങിയവ പരിഗണിച്ച് സംസ്ഥാനത്തെ സംസ്ഥാനപാതകളല്ലാതെയുള്ള പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി റോഡുകളെ ഉൾപ്പെടുത്തി

ക്കൊണ്ട് ഒരു കോർ റോഡ് നെറ്റ്‌വർക് കൂടി വരും വർഷം സ്ഥാപിക്കുന്നതാണ്.

121. ദേശീയ പാതകളെ സംബന്ധിച്ചിടത്തോളം, കരമന-കളിയിക്കവിളയുടെ പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള രണ്ടാം റീച്ച് ഏറ്റെടുത്ത് പ്രവർത്തികൾ നല്ല പുരോഗതിയിൽ നടന്നുവരിക യുമാണ്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ബാക്കി 1.5 കിലോമീറ്ററിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഈ വർഷം പൂർത്തീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം, അതായത് വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17 കിലോമീറ്ററിന്റെ ഇൻവെസ്റ്റിഗേഷനും ഡി.പി.ആർ. തയ്യാറാക്കലും നടപ്പുവർഷം ഏറ്റെടുക്കുന്നതാണ്. ലൈറ്റ് മെട്രോ റെയിൽ പ്രോജക്റ്റിനോടൊപ്പം ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാലനിർമ്മാണവും ഈ വർഷം ഏറ്റെടുക്കുന്ന താണ്. ആലപ്പുഴ ബൈപ്പാസ് 2020 ഏപ്രിലിൽ പൂർത്തീകരിക്കുന്നതാണ്. അതുപോലെ വൈറ്റിലയി

ലെയും കുണ്ടന്നൂരിലെയും മേൽപ്പാലങ്ങളും 2020-ൽ പൂർത്തികരിക്കുന്നതാണ്.

**രജിസ്ട്രേഷൻ**

122. എന്റെ സർക്കാർ 6 ജില്ലകളിൽ പൂർത്തികരിച്ചതായ ഡിജിറ്റൈസേഷൻ പ്രോജക്റ്റ്, സഹകരണ സ്ഥാപനങ്ങൾ ഫയൽ ചെയ്തു വരുന്ന ഭൂപണയ ആധാരങ്ങളുടെ ഓൺലൈൻ ഫയലിംഗ് സൗകര്യം നടപ്പിലാക്കൽ, ഫീസ് ഒടുക്കുന്നതിനായി സബ് രജിസ്ട്രി ഓഫീസുകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (E-PoS) മെഷീനുകൾ സ്ഥാപിക്കൽ എന്നിവ മുഖാന്തരം സബ് രജിസ്ട്രി ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചു. 10 സബ് രജിസ്ട്രി ഓഫീസുകളിൽ ആധുനിക റിക്കാർഡ് റൂമുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

123. വിവിധതരം പ്രമാണങ്ങൾക്ക് വേണ്ടിയുള്ള മാതൃക ഫാറങ്ങൾ അടിസ്ഥാനപ്പെടുത്തി 'സ്മാർട്ട് കോൺട്രാക്റ്റ്' എന്ന ആശയം ലക്ഷ്യ പ്രാപ്തി യിലെത്തിക്കുന്നതിന് 2020 വർഷത്തിൽ ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യ പ്രമാണ രജിസ്ട്രേഷൻ

സേവനങ്ങളുമായി സംയോജിപ്പിക്കുന്നതാണ്. സേവന നിലവാരം ഉറപ്പിക്കുന്നതിലേയ്ക്കായി സബ് രജിസ്ട്രി ഓഫീസുകളെ ഐ.എസ്.ഒ. നിലവാരം നേടാൻ പ്രാപ്തമാക്കുന്നതാണ്. സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൗകര്യപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സബ് രജിസ്ട്രി ഓഫീസുകളിൽ അവധി ദിവസങ്ങളിലും ഡോക്യുമെന്റ് രജിസ്ട്രേഷൻ ഇടപാടുകൾക്കുള്ള സൗകര്യമൊരുക്കുന്നതാണ്.

**റവന്യൂ**

124. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1654 വില്ലേജുകളിലും ഓൺലൈനിൽ പോക്കുവരവും ഓൺലൈനിൽ കരമടയ്ക്കലും സാധ്യമാക്കിയിട്ടുണ്ട്, ശേഷിക്കുന്ന വില്ലേജുകളിലും വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. റവന്യൂ ഓഫീസുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇ-ഗവേണൻസ് പദ്ധതികൾക്ക് തടസ്സമില്ലാത്ത വൈദ്യുതി വിതരണം ആവശ്യമാണ്. തിരഞ്ഞെടുത്ത 25 വില്ലേജ് ഓഫീസുകളുടെ മേൽക്കൂരയിൽ 3 കെ.വി സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് കെ.എസ്.ഇ.ബി.യെ

സ്റ്റേക്ക്ഹോൾഡർ ആക്കിക്കൊണ്ട് ഹൈബ്രിഡ് സോളാർ മിനി ഗ്രിഡു കൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

125. 906 വില്ലേജുകളിലെ റീസർവ്വെ പൂർത്തിയാക്കി രേഖകൾ റവന്യൂ ഭരണവിഭാഗത്തിന് കൈമാറിയിട്ടുണ്ട്. 86 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ നടത്തിയിട്ടുണ്ട്. ഈ 86 വില്ലേജുകളെയും റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങളുമായി സംയോജിപ്പിക്കുവാനും അതുവഴി പൊതുജനങ്ങൾക്ക് സർവ്വെ മാപ്പും ഉൾപ്പെടെയുള്ള ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായും പദ്ധതിയിടുന്നു. സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിനായി കണ്ടിന്യൂസ്‌ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് (CORS) സ്ഥാപിക്കുന്നതിനും പദ്ധതിയിടുന്നു.

126. ലാന്റ് ട്രൈബ്യൂണലിലെ കേസ് റിക്കാർഡുകളുടെയും പട്ടയങ്ങളുടെയും ഡിജിറ്റൈസേഷൻ പുരോഗമിച്ചുവരികയാണ്. എന്റെ സർക്കാർ, സംസ്ഥാനത്ത് ഭൂപരിഷ്കരണം മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി താലൂക്ക് ലാന്റ് ബോർഡുകളുടെ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

127. സംസ്ഥാനത്തെ ദുരന്ത നിവാരണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) ദുരന്തത്തിനിരയായവർക്ക് ട്രോമ കൗൺസിലിംഗ് നൽകുന്നതിനും നിരുപാധികമായ അനുകൂല മനോഭാവത്തോടെ ദുരന്തത്തിനിരയായവരോട് ഇടപഴ കുന്നതിന് ഉദ്യോഗസ്ഥരെ പഠിപ്പിക്കുന്നതിനുമായി ഒരു പുതിയ പോസ്റ്റ് ഡിസാസ്റ്റർ ട്രോമ കൗൺസിലിംഗ് കേന്ദ്രം സ്ഥാപിക്കുന്നതാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വികസനം**

128. വിദ്യാർത്ഥികൾക്കായി 25,000 പഠന മുറികൾ ലക്ഷ്യം വച്ചതിൽ ഇതിനകം വകുപ്പ് 15709 പഠന മുറികളുടെ അനുമതി പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്നത് വരുംവർഷത്തിൽ പൂർത്തിയാക്കുന്ന താണ്. പാലക്കാട് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടുണ്ട്. മണ്ണന്തലയിൽ ജേർണലിസം കോഴ്സ് തുടങ്ങിയിട്ടുണ്ട്. സിവിൽ സർവ്വീസ് പരിശീലനത്തിനു വേണ്ടിയുള്ള നിലവിലെ സംവിധാനം നവീകരിച്ചിട്ടുണ്ട്.

129. വിദ്യാസമ്പന്നരായ യുവജനതയ്ക്ക് പരിശീലനവും തൊഴിലും നൽകുന്നതിൽ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. 2016 മുതൽ വിവിധ നൈപുണ്യങ്ങളിൽ പരിശീലനം നൽകിയിട്ടുള്ള ആകെ 11969 യുവജനങ്ങളിൽ വിദേശത്തെ ഓയിൽ ആന്റ് റിഗ്ഗിലും ഹോസ്പിറ്റാലിറ്റി മേഖലകളിലും 360 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചതുൾപ്പെടെ 2565 പേർക്ക് വിജയകരമായി ജോലി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കൊല്ലം 6000 ആളുകൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, കണ്ണൂർ ജില്ലയിലെ പെരിങ്ങം, കോഴിക്കോട് ജില്ലയിലെ മരുത്വാങ്കര എന്നിവിടങ്ങളിൽ പുതിയ മാതൃകാ റെസിഡെൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതാണ്. പാലക്കാട് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി ഒരു പുതിയ കെട്ടിടം പണിയുന്നതാണ്.

130. എന്റെ സർക്കാർ, 72,000 വീടുകൾ പൂർത്തിയാക്കുന്നതിനായി എസ്റ്റിമേറ്റ് അനുസരിച്ച് 1,50,000 രൂപ വരെയുള്ള ധനസഹായം പുതുവർഷത്തിൽ നൽകാൻ ഉദ്ദേശിക്കുന്നു.

**സാമൂഹ്യ നീതി**

131. അംഗപരിമിതരായ ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കൂടാതെ അവരെ ശാക്തീകരിക്കുന്നതിനും വേണ്ടി സംസ്ഥാനം നടത്തിയ സ്തുത്യർഹമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്ന നിലയ്ക്ക് അംഗപരിമിതരുടെ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്ന രാജ്യത്തെ മികച്ച സംസ്ഥാനമായി കേരള സംസ്ഥാനത്തെ 2019-ൽ തെരഞ്ഞെടുക്കുകയുണ്ടായി.

132. 'വർണപ്പകിട്ട്' - ട്രാൻസ്ജെൻഡർ കലോൽസവം വകുപ്പ് ആദ്യമായി സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസം നടത്താനാഗ്രഹിക്കുന്ന അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് അതിനുള്ള ചെലവ് കണക്കിലെടുക്കാതെ എല്ലാ സാമ്പത്തിക ചെലവുകളും വഹിക്കുന്നതിന് സഫലം പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ബന്ധുക്കൾ അരികിൽ ഇല്ലാതെ അവരുടെ കുടുംബങ്ങളിൽ പകൽസമയത്ത് മതിയായ ശ്രദ്ധയും പരിചരണവും സംരക്ഷണവും ആരോഗ്യ സംരക്ഷണവും ലഭിക്കാതെ അവഗണനയും ഒറ്റപ്പെടലു

മായി ജീവിക്കുന്ന വയോജനങ്ങൾക്ക് സേവനവും പരിചരണവും നൽകുന്നതിന് വയോഹസ്തം എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ കുടുംബശ്രീയുമായി സഹകരിച്ച് പരിശീലനം സിദ്ധിച്ച ഹോം നേഴ്സുമാരുടെ സേവനം ലഭ്യമാക്കുന്നതാണ്.

133. അംഗപരിമിതരായ ആളുകൾക്ക് കായിക പ്രവർത്തനങ്ങളിൽ മതിയായ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിലേയ്ക്ക് 'ശ്രേഷ്ഠം പദ്ധതി' നടപ്പിലാക്കു വാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കലാ കായിക രംഗത്ത് തെളിയിക്കപ്പെട്ട മികച്ച ട്രാക്ക് റെക്കോർഡുള്ള ഭിന്നശേഷിക്കാർക്ക് അവരവരുടെ അഭിരുചിയും കഴിവും പ്രാപ്തിയും വികസിപ്പിക്കുന്ന തിലേയ്ക്കായും അതോടൊപ്പം അവരിൽ അന്തർലീനമായ കഴിവുകൾ പരിപോഷിപ്പിക്കുന്ന തിലേയ്ക്കുമായും അക്രഡിറ്റേഷനുള്ള ദേശീയ സംസ്ഥാന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്.

134. കണ്ണൂരിൽ എയ്ഡ്സ് ആന്റ് അപ്ലയൻസസ് മാനുഫാക്ച്ചറിംഗ് യൂണിറ്റ് (MRST Unit) സ്ഥാപിക്കുന്ന

താണ്. ഭിന്നശേഷിക്കാരായ ആളുകൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും ഇ-സ്റ്റോർ/വെബ്-പോർട്ടർ/മാർക്കറ്റ്പ്ലെയ്സ് നടപ്പിലാക്കുന്നതാണ്.

**വിനോദസഞ്ചാരം**

135. എന്റെ സർക്കാർ, ഐ.പി.എൽ മാതൃകയിൽ, 2019 ആഗസ്റ്റ് 31 മുതൽ 2019 നവംബർ 23 വരെ ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിൽ 12 മത്സരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഇൻഡ്യയിലെ ഏറ്റവും വലിയ വാട്ടർ സ്പോർട്സ് ലീഗായ 2019-ലെ ചാമ്പ്യൻസ് ബോട്ട് ലീഗ് കേരളത്തിലെ കായലുകളിൽ വിജയകരമായി സംഘടിപ്പിച്ചു. വലിയതോതിലുള്ള കോർപ്പറേറ്റ് സ്പോൺസർഷിപ്പോടു കൂടിയും കേരളത്തിലെ വടക്കൻ ജില്ലകളിലെ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടും 2020-ൽ ലീഗിന്റെ അടുത്ത പരിപാടി നടത്തുന്നതാണ്.

136. 2018-ലെ പ്രളയം മൂലം വൻനഷ്ടങ്ങൾ ഉണ്ടായിരുന്നിട്ടും വകുപ്പ് ഏറ്റെടുത്ത ശക്തമായ

പ്രോത്സാഹനങ്ങളുടെയും മാർക്കറ്റിംഗ് ഉദ്യമങ്ങളുടെയും ഫലമായി 2019-ന്റെ ആദ്യ മൂന്ന് പാദങ്ങളിൽ കേരള ടൂറിസം 15.73%-ന്റെ മൊത്തത്തിലുള്ള വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

137. മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ കീഴിലുള്ള ഉപപദ്ധതികൾ നന്നായി പുരോഗമിക്കുകയാണ്. പഴയങ്ങാടിയിലും, പറശ്ശിനിക്കടവിലും രണ്ട് പുതിയ ജെട്ടികൾ വരുന്ന വർഷം കമ്മീഷൻ ചെയ്യും. തലശ്ശേരി പൈതൃക പദ്ധതിയുടെ കീഴിലുള്ള ചില പൈതൃക വിനോദസഞ്ചാര പദ്ധതികൾ പൂർത്തീകരണത്തോടടുക്കുന്നു. മുസിരിസ് പദ്ധതിയിൻ കീഴിൽ, രണ്ടാംഘട്ട പ്രവൃത്തികൾ തുടങ്ങിയിട്ടുള്ളതും ഈ വർഷം പൂർത്തിയാക്കുന്നതുമാണ്. ആലപ്പുഴയുടെ ചരിത്രം വെളിവാക്കാനുദ്ദേശിച്ചുള്ള ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയിൻ കീഴിലെ നാല് ഉപപദ്ധതികൾ ഈ വർഷം പൂർത്തിയാക്കും.

138. എന്റെ സർക്കാർ, ട്രാവൻകൂർ പൈതൃക പദ്ധതി ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കുതിരമാളിക, പത്മനാഭസ്വാമി ക്ഷേത്രം എന്നിങ്ങനെയുള്ള സ്ഥലങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് പൈതൃക

സ്ഥലം വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. മുഴുപ്പിലങ്ങാട് ധർമ്മടം പദ്ധതിയിൻ കീഴിൽ, ധർമ്മടം മുഴുപ്പിലങ്ങാട് ബീച്ചുകളിലെ വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്. പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടക സൗകര്യ കേന്ദ്രങ്ങൾ പൂർത്തിയാക്കുന്നതാണ്.

139. ദിവസേന 1000-ത്തിലധികം വിനോദ സഞ്ചാരികൾ ഒഴുകിയെത്തുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലോകോത്തര നിലവാരത്തിലുള്ള ശുചിമുറികൾ നിർമ്മിക്കുന്നതാണ്. വർക്കല ബീച്ച്, പൂക്കോട്, കൊല്ലം ബീച്ച്. ഫോർട്ട് കൊച്ചി, പയ്യാമ്പലം ബീച്ച്, ആലപ്പുഴ ബീച്ച് എന്നിവ 2020-ൽ ഏറ്റെടുക്കുന്നതാണ്.

140. ഈ വർഷം കേരളമൊട്ടാകെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണം കേരള ടൂറിസം ഏറ്റെടുക്കുന്നതാണ്. വിവിധ പരിശീലനങ്ങളും ബന്ധപ്പെട്ട പ്രവർത്തനങ്ങളും വഴി 25000 റെസ്പോൺസിബിൾ ടൂറിസം മിഷൻ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നതും വരുമാനമുണ്ടാക്കുന്നതിനായി നേരിട്ടോ, അല്ലാതെയോ

വിനോദസഞ്ചാര വ്യവസായവുമായി കുറഞ്ഞത് ഒരു ലക്ഷം പ്രാദേശിക അംഗങ്ങളെ ബന്ധിപ്പിക്കുമെന്നും കണക്കാക്കുന്നു. വ്യവസായങ്ങളുമായി ബന്ധപ്പെട്ട പ്ലാസ്റ്റിക് രഹിത റെസ്പോൺസിബിൾ ടൂറിസം പങ്കാളികളുടെ ആകെ എണ്ണം ഇപ്പോഴത്തെ 100-ൽ നിന്ന് 2000 അക്കോമഡേഷൻ യൂണിറ്റുകളായി വർദ്ധിപ്പിക്കുന്നതാണ്.

**ഗതാഗതം**

141. കാസർഗോഡിനും തിരുവനന്തപുരത്തിനും ഇടയിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ ദുരിതം ലഘൂകരിക്കുന്നതിന് നിലവിലെ യാത്രാസമയമായ 12-14 മണിക്കൂർ എന്നത് 4 മണിക്കൂറിൽ താഴെയായി കുറയ്ക്കുന്നതിന് സിൽവർലൈൻ എന്ന പേരിൽ ഒരു സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി ആരംഭിക്കുന്നതാണ്. 56,442 കോടി രൂപ പദ്ധതി ചെലവായി കണക്കാക്കിയിട്ടുള്ളതും, 5 വർഷത്തിൽ പൂർത്തിയാക്കുന്നതും 100% ഹരിത പദ്ധതിയായി വിഭാവനം ചെയ്തിരിക്കുന്നതുമാണിത്. എന്റെ സർക്കാർ, കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന്

ആരംഭിച്ച് കാക്കനാട് വരെയുള്ള കൊച്ചി മെട്രോയുടെ രണ്ടാമത്തെ കോറിഡോറിന്റെ (പിങ്ക് ലൈൻ) പണി ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. യാത്രക്കാരുടെ സഞ്ചാരം തടസ്സമില്ലാത്തതാക്കുന്നതിനുവേണ്ടി ഇത് അന്തിമമായി സിൽവർലൈനുമായി ബന്ധിപ്പിക്കുന്നതാണ്.

142. എന്റെ സർക്കാർ, ഇന്ത്യയിലെ ആദ്യത്തെ സോളാർ ഇലക്ട്രിക് റോ-റോ സർവ്വീസും കരയിലും വെള്ളത്തിലും സഞ്ചരിക്കുന്ന രീതിയിലുള്ള കേരളത്തിന്റെ ആദ്യത്തെ വാട്ടർ ബസ്സും ഇക്കൊല്ലം ആരംഭിക്കുവാൻ പദ്ധതിയിടുന്നു. ദേശിയ ജലപാതകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ചരക്ക് നീക്കത്തിനായി ബാർജ് സർവ്വീസ് ആരംഭിക്കുന്നതാണ്. അഞ്ച് സ്റ്റേഷൻ ഓഫീസുകളും എറണാകുളത്ത് തേവരയിലെ ഡോക്ക്‌യാർഡും നവീകരിക്കുന്നതിന് വകുപ്പ് പദ്ധതിയിടുന്നു.

143. എന്റെ സർക്കാർ, യു.എ.ഇ., ഗൾഫ് രാജ്യങ്ങൾ, സൗദി അറേബ്യ, യു.എസ്.എ തുടങ്ങിയ രാജ്യങ്ങളിൽ ഡ്രൈവറായി ജോലി തേടുന്നവരുടെ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു

അന്തർദ്ദേശീയ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് കം ഡ്രൈവർ കോച്ചിങ്ങ് സെന്റർ മലപ്പുറത്ത് സ്ഥാപിക്കാൻ പദ്ധതിയിടുന്നു. പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ കേരളത്തിലെ ശേഷിക്കുന്ന താലൂക്കുകളിൽ ഘട്ടംഘട്ടമായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സ്ഥാപിക്കുന്നതാണ്. കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള (80 കി.മി) സേഫ് കോറിഡോർ ഡെമോ പ്രോജക്ടിൽ പിൻതുടരുന്ന മികച്ച രീതികൾ അടിസ്ഥാനമാക്കി, സംസ്ഥാനത്തെ 5 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന, 71.5 കിലോമീറ്ററിന്റെ 5 കോറിഡോറുകൾ കൂടി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് സെയ്ഫ് ലൈഫ് റോഡ് പദ്ധതി (പാവങ്ങാട്-കോറപ്പുഴ പാലം) നടപ്പിലാക്കുന്നത് പുരോഗമിച്ചുവരികയാണ്. ശേഷിക്കുന്ന കോറിഡോറുകളുടെ ഡി.പി.ആർ (DPR) തയ്യാറാക്കി വരികയാണ്.

144. അപകടത്തിന്റെ ആദ്യ 48 മണിക്കൂറിൽ കേരളത്തിന്റെ അധികാര പരിധിക്കുള്ളിൽ അപകടത്തിനിരയായവർക്ക് 50,000 രൂപയിൽ അധികരിക്കാത്ത ചികിത്സാ ചെലവുകൾ

വഹിക്കുന്നതിനായി 'ഗോൾഡൻ അവർ മെഡിക്കൽ ട്രീറ്റ്മെന്റ്' പദ്ധതി ഏർപ്പെടുത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വരുംവർഷങ്ങളിൽ ട്രാഫിക് വിദ്യാഭ്യാസവും റോഡ് സുരക്ഷയും സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

145. സുസ്ഥിര രീതിയിലുള്ള വികസനം എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യവുമായി ചേർന്നുനിന്നു കൊണ്ട് 300 പുതിയ ഡീസൽ വാഹനങ്ങൾ കെ.എസ്.ആർ.ടി.സി.ക്കായി വാങ്ങുന്നതാണ്. 100 വാഹനങ്ങൾ ഇന്ധനമായി സി.എൻ.ജി. ഉപയോഗിക്കുന്നതിലേയ്ക്ക് മാറ്റുന്നതാണ്. കെ.എസ്. ആർ.ടി.സി.-ക്കും പൊതുജനത്തിനും കൂടി ഉപയോഗി ക്കുന്നതിനായി 93 ഡിപ്പോകളിലും 5 മേജർ വർക്ക്ഷോ പ്പുകളിലും ഹൈസ്പീഡ് ഡീസൽ/പെട്രോൾ ചില്ലറ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിലും ഡ്രൈവേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കും.

## ജലവിഭവം

146. നഗരങ്ങളിൽ പെട്ടെന്ന് ഉണ്ടാകുന്ന വെള്ളപ്പൊക്കം ഉൾപ്പെടെ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിന് വിദഗ്ദ്ധ

സ്ഥാപനങ്ങളെയും ഭൂവിനിയോഗ മാനേജ്മെന്റ് വിദഗ്ദ്ധരെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു വിശദമായ വെള്ളപ്പൊക്കവും മണ്ണൊലിപ്പു തടയലും പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്റെ സർക്കാർ പദ്ധതിയിടുന്നു. കടൽത്തീര മണ്ണൊലിപ്പ് തടയുന്നതിന് സംരക്ഷണ നടപടികൾ പൂർത്തീകരിക്കുന്നതിലേയ്ക്ക് സമഗ്ര സുസ്ഥിര തീര സംരക്ഷണ മാതൃകകൾ വികസിപ്പിക്കുന്നതാണ്.

147. പ്രളയ സാധ്യതയുള്ള നദികൾക്ക് കൂടുതൽ സ്ഥലം ഒരുക്കി നൽകുന്നതിലേയ്ക്കായി പമ്പയെ ഒരു പൈലറ്റ് പദ്ധതിയാക്കികൊണ്ട് "റൂം ഫോർ ദി റിവർ" പദ്ധതി വികസിപ്പിക്കുന്നതും ഇതിലേയ്ക്കുള്ള നിക്ഷേപം കേരള പുനർനിർമ്മാണ പദ്ധതി യിൻകീഴിൽ നടത്തുന്നതുമാണ്. ബൃഹത്തായ ജല മാനേജ്മെൻറ് സീൻ ആവിഷ്കരിക്കുക എന്നതി ലേയ്ക്കായി സംസ്ഥാനം റിവർ ബെയ്സിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുകയും റിവർ ബെയ്സിൻ പ്ലാറ്റ്ഫോമു മായി ബന്ധപ്പെടുത്തിക്കൊണ്ട് ജലസേചന വകുപ്പിനെ പുന:സംഘടിപ്പിക്കുന്നതുമാണ്. അതിലേയ്ക്കുള്ള

നിയമനിർമ്മാണം നടത്തുന്നതാണ്. അനുയോജ്യമായ പ്രദേശങ്ങളിൽ സാമൂഹ്യ ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തീവ്രനടപടികൾ സ്വീകരിക്കുന്നതാണ്.

148. സംസ്ഥാനത്തെ ഡാം സുരക്ഷാ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും നിധിയിൽ നിന്നുള്ള 30 കോടി രൂപ വിനിയോഗിച്ചുകൊണ്ട് തിരുവനന്തപുരത്ത് ഏറ്റവും നൂതനമായ നിർമ്മാണ രീതിയുടെ ഒരു വേറിട്ട മാതൃകയുള്ള ഡാം സേഫ്റ്റി ആസ്ഥാനം എന്റെ സർക്കാർ കമ്മീഷൻ ചെയ്യുന്നതാണ്.

149. പുതിയ പദ്ധതികൾ പരിഗണിക്കുമ്പോൾ ജലത്തിന്റെ ഗുണനിലവാരം കുറഞ്ഞ വാസസ്ഥലങ്ങളിലും പ്രത്യേകിച്ച് ഫ്ളൂറൈഡ് കലർന്ന പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾക്കും ജലവിതരണത്തിന് കേരള വാട്ടർ അതോറിറ്റി (KWA) മുന്തിയ പരിഗണന നൽകുന്നതാണ്. ഇപ്പോൾ വർഷം മുഴുവൻ ടാങ്കർ ലോറികൾ മുഖാന്തരം കുടിവെള്ളം വിതരണം ചെയ്യുന്ന പ്രദേശങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടും

വ്യക്തമായ ആസൂത്രണം വഴിയും പൈപ്പ് വെള്ളം വിതരണം ചെയ്യുന്ന പദ്ധതി ഘട്ടംഘട്ടമായി മുന്തിയ പരിഗണന നൽകി സ്ഥാപിക്കുന്നതാണ്. ഏഷ്യൻ വികസന ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കൊച്ചി സിറ്റിയിലും പ്രാന്തപ്രദേശങ്ങളിലും തിരുവനന്തപുരം നഗരത്തിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിലും 24x7ജലവിതരണം നടത്തുന്നതിന് എന്റെ സർക്കാർ ആലോചിക്കുന്നു. ഈ പദ്ധതി 2020-ൽ ആരംഭിച്ച് 2029-ൽ പൂർത്തീകരിക്കുന്നതാണ്. കെ.ഡബ്ല്യു.എ. സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കാൻ ഉദ്ദേശിക്കുകയും അതു വഴി നിഷ്ക്രിയ ആസ്തി പൊതുജനത്തിന്റെ നേട്ടത്തിനും അതോറിറ്റിയുടെ സാമ്പത്തിക അഭിവൃദ്ധിക്കും ഉപയോഗപ്പെടുത്താവുന്നതുമാണ്.

150. ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ് കണക്ഷൻ വഴി പൈപ്പ് ജല വിതരണത്തിനുള്ള ഉപഭോക്തൃ വിഹിതവും 50% കേന്ദ്ര സഹായവും വിനിയോഗിച്ച് തദ്ദേശസ്ഥാപനങ്ങൾ മുഖേന ഗ്രാമീണ വീടുകൾക്ക് 2024-ഓടുകൂടി പൈപ്പ് ജല വിതരണത്തിനുള്ള ജൽജീവൻ മിഷൻ എന്ന പദ്ധതി ആരംഭിക്കുവാൻ എന്റെ സർക്കാർ ആലോചിക്കുന്നു.

151. പരിശുദ്ധമായ ഭൂഗർഭജല ആരോഗ്യ സംരക്ഷണത്തിനുള്ള വിവരങ്ങൾ വികസിപ്പിക്കുന്ന ഒരു സംവിധാനത്തിലേയ്ക്ക് സ്വാംശീകരിക്കുക എന്നതിനായിരിക്കും സംസ്ഥാനത്തെ ഭൂഗർഭജല വിഭാഗം ഊന്നൽ നൽകുന്നത്. വികസിത സാമ്പത്തിക ശക്തികൾ ഈ രംഗത്ത് വ്യാപകമായി ഉപയോഗി ക്കുന്ന റിമോട്ട് സെൻസിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ നിലവിൽ ഉപയോഗിച്ചുവരുന്ന പരമ്പരാഗത സമീപനങ്ങൾക്ക് സഹായകരമാ കുന്നതിനുവേണ്ടി ഈ മേഖലയിൽ കൊണ്ടുവരുന്ന താണ്.

**വനിത ശിശുവികസനം**

152. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ഉത്തരവാദിത്വ രക്ഷാകർത്തൃത്വത്തെ ക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കുമായി പരിഹാരത്തിൽ ഊന്നിയിട്ടുള്ളതും പങ്കാളിത്തത്തിൽ അധിഷ്ഠിതമായിട്ടുള്ളതുമായ 'കരുതൽ സ്പർശം'

എന്ന പേരിലുള്ള ഒരു പ്രചാരണം കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉത്തരവാദിത്വ രക്ഷാകർത്തൃത്വത്തിനുമായി കേരള സർക്കാരിന്റെ വനിത-ശിശു വികസന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

153. വനിതകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് സംഭവിച്ചേക്കാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ പരമാവധി 50000/- രൂപവരെ ഒറ്റത്തവണ സാമ്പത്തിക സഹായമായി നൽകുന്ന 'അതിജീവിക' എന്ന പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സ്ത്രീകൾക്കായി ജൻഡർ പാർക്കിന്റെ ഭാഗമായി വ്യവസായം, വ്യാപാരം, വാണിജ്യം, ജീവിതശൈലി എന്നിവയുടെ ഒരു സുരക്ഷിതവും സുസ്ഥിരവുമായ വളർച്ചയ്ക്കായുള്ള ഒരു കേന്ദ്രമായി അന്തർദേശീയ വനിതാ ട്രേഡ് സെന്ററിനെ മാറ്റുന്നതിന് പദ്ധതിയുണ്ട്.

**ഉപസംഹാരം**

154. എന്റെ സർക്കാർ അധികാരത്തിലേറിയതിനുശേഷം സംസ്ഥാനത്തിനുവേണ്ടി ക്രിയാത്മകമായ ഒരു കാര്യപരിപാടി അവതരിപ്പിച്ചിട്ടുണ്ട്. സുസ്ഥിരതയിലും നീതിയിലും സുതാര്യതയിലും അധിഷ്ഠിതമായ സംസ്ഥാനത്തിന്റെ വികസനത്തിനായി നാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനം വിവിധ മാനവിക വികസന സൂചികകളിൽ ഉണ്ടാക്കിയ അതിന്റെ നേട്ടങ്ങളിൽ പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്. ജനങ്ങളുടെ ശക്തമായ പിന്തുണയോടെ നമ്മുടെ സംസ്ഥാനത്തിന് പ്രകൃതിക്ഷോഭങ്ങളുടെ കടന്നാക്രമണത്തെയും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്ന അപ്രതീക്ഷിത നയവ്യതിയാനങ്ങളെയും അതിജീവിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബജറ്റ് മുഖാന്തരം പ്രഖ്യാപിച്ചതും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖാന്തരം ആവിഷ്കരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതുമായ ഒട്ടേറെ പദ്ധതികളുടെ പൂർത്തീകരണത്തിന് ഈ വർഷം സാക്ഷ്യം വഹിക്കാൻ പോകുകയാണ്. ഇത് സാമ്പത്തിക രംഗത്തും

ജനങ്ങളുടെ ജീവിതത്തിലും ശക്തമായ സ്വാധീനം ചെലുത്തുന്നതാണെന്ന് എനിക്ക് ഉറപ്പുണ്ട്.

155. എന്നാലും നമ്മുടെ ചുമതല അവസാനിച്ചിട്ടില്ല. തല ഉയർത്തിപ്പിടിച്ചും കരങ്ങൾ കോർത്തുപിടിച്ചുകൊണ്ടും വെല്ലുവിളികളെ നേരിട്ട് ജനപക്ഷത്ത് ഉറച്ചു നിൽക്കുന്നത് എന്റെ സർക്കാർ തുടരും. ശക്തമായതും മതേതരവും ഐശ്വര്യസമ്പൂർണ്ണവുമായ കേരളമെന്ന നമ്മുടെ സ്വപ്നങ്ങൾ നാം ഒരുമിച്ച് സാക്ഷാത്ക്കരിക്കും.

**ജയ്ഹിന്ദ്**